# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെറ്റിഎം പി12-1999/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 22/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെറ്റിഎം പി12-1999/2023 തീയ്യതി: 22/12/2023

# കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2023 | 04-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2023 | 04-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിത എം എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അമ്പിളി യു, സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പൊന്നമ്മ ചന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ബിജോ പി ജോസഫ് | സെക്രട്ടറി | 01-04-2022 | 27-09-2022 |
| സിന്ധു സി എൻ(ചാർജ്) | സെക്രട്ടറി | 28-09-2022 | 19-10-2022 |
| അരുൺകുമാർ എൻ | സെക്രട്ടറി | 20-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രമ്യ കെ എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| റിഥിൻ ജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 19-09-2022 | 31-03-2023 |
| ഡോ ആതിര കെ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ ജേക്കബ് മാത്യു | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ അരുൺ കുമാർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ ലൗലി ഫിലിപ്പ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 13-06-2022 |
| ഡോ അഞ്ജലി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 14-06-2022 | 31-03-2023 |
| അഞ്ജു തോമസ് | ഐ സി ഡി എസ് സൂപ്പർ വൈസർ | 01-04-2022 | 06-01-2023 |
| സജിതജോസഫ് | ഐ സി ഡി എസ് സൂപ്പർ വൈസർ | 07-01-2023 | 31-03-2023 |
| ബിന്ദു പി | എച്ച് എം | 01-04-2022 | 31-03-2023 |
| അനീഷ് എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| പ്രീതി സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| സിന്ധു സി എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| അർജുൻ മോഹൻ | വി ഇ ഒ | 01-04-2022 | 23-05-2022 |
| സബിത കെ ദിവാകരൻ | വി ഇ ഒ | 24-05-2022 | 19-08-2022 |
| മുഹമ്മദ് ജലാലുദ്ദീൻ | വി ഇ ഒ | 20-08-2022 | 14-09-2022 |
| സബിത കെ ദിവാകരൻ | വി ഇ ഒ | 15-09-2022 | 16-10-2022 |
| മുഹമ്മദ് ജലാലുദ്ദീൻ | വി ഇ ഒ | 17-10-2022 | 12-01-2023 |
| സനുമകുമാരി | വി ഇ ഒ | 13-01-2023 | 22-02-2023 |
| മുഹമ്മദ് ജലാലുദ്ദീൻ | വി ഇ ഒ | 23-02-2023 | 31-03-2023 |
| മഹേഷ് കുമാർ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-09-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന ചെലവ് Capital Contribution ആയി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-2 |
| 4 | ജനറൽ ഫണ്ടിന്റെ കൃത്യത ബോധ്യപ്പെടുന്നില്ല | 1-1-3 |
| 5 | ബാധ്യത തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | കെ യു ആർ ഡി എഫ് സി വായ്പയുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-5 |
| 7 | ഇല്ലാത്ത ആസ്തിക്ക് തേയ്മാനച്ചെലവ് രേഖപ്പെടുത്തി | 1-1-6 |
| 8 | ധനകാര്യ വിശകലനത്തിനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ്/മുൻകൂർ നല്കിയ തുകകളുടെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-8 |
| 10 | കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് തുകകളുടെ മുന്നിരിപ്പ്/നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല | 1-1-9 |
| 11 | സ്ഥിരനിക്ഷേപം വാർഷികകണക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-10 |
| 12 | ആസ്തിയിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-11 |
| 13 | വാടകകുടിശിക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | കേന്ദ്രസഹായം തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-13 |
| 15 | മുൻകൂർ നല്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഉൾപ്പെടുത്തുന്നില്ല | 1-1-14 |
| 16 | തൊഴിലുറപ്പ് പദ്ധതി കണക്ക് - വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തികവിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | വാർഷികപദ്ധതി | 1-5 |
| 21 | ദേശീയ തൊഴിലുറപ്പു പദ്ധതി | 1-6 |
| 22 | സാമൂഹ്യക്ഷേമപദ്ധതികൾ | 1-7 |
| 23 | കാഷ് നീക്കിയിരിപ്പ് | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-11 |
| 27 | വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല | 1-12 |
| 28 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ദീർഘകാലമായി കുടിശ്ശിക | 1-13 |
| 29 | സമീപ കെട്ടിടങ്ങളെ വിവിധ മേഖലയുടെയും റോഡിന്റെ തരത്തിലും ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി | 1-14 |
| 30 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 31 | ലൈസൻസ് പുതുക്കാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-16 |
| 32 | തനത് വരുമാന സ്രോതസ്സുകൾ-അധിക വിഭവ സമാഹരണം | 1-17 |
| 33 | പോസ്റ്റ് ഷിഫ്റ്റിംഗ് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | 1-18 |
| 34 | ഫണ്ട് ലഭ്യത കണക്കിലെടുക്കാതെ നിർമ്മാണപ്രവർത്തനം ആരംഭിച്ചു-കോടതി വ്യവഹാരത്തിലേക്ക് നയിച്ചു | 1-19 |
| 35 | തെരുവുവിളക്ക് പരിപാലനം -ലൈറ്റുകളുടെയും അനുബന്ധസാമഗ്രികളുടെയും സ്ഥാപനം- നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-20 |
| 36 | വിവിധ നിക്ഷേപപ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-21 |
| 37 | വാട്ടർ അതോറിറ്റി പൊതുടാപ്പുകളുടെ വെള്ളക്കരം-ആവർത്തനചെലവുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു | 1-22 |

| | | |
|---|---|---|
| 38 | ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് രണ്ടു തവണ തുക ചെലവഴിച്ചു-19418 രൂപ നിരാകരിക്കുന്നു. | 1-23 |
| 39 | ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തില്ല | 1-24 |
| 40 | ലൈഫ് ഭവന പദ്ധതി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-25 |
| 41 | വീട് വാസയോഗ്യമാക്കൽ-നാളിതുവരെ പണി പൂർത്തീകരിച്ചില്ല | 1-26 |
| 42 | മെൻസ്ട്രുൽ കപ്പ് വിതരണം ചെയ്യാനവശേഷിക്കുന്നു | 1-27 |
| 43 | മിനിസിവിൽ സ്റ്റേഷൻ കോംമ്പൗണ്ടിലെ കരിങ്കല്ല് ലേലം - റോയൽറ്റി തുക കരാറുകാരനിൽ നിന്നും ഈടാക്കിയില്ല- | 1-28 |
| 44 | പഞ്ചായത്ത് ഓഫീസിൽ EPABX സംവിധാനം- ആവശ്യകത വ്യക്തമല്ല | 1-29 |
| 45 | 3,47,845 രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല | 1-30 |
| 46 | വീട് വാസയോഗ്യമാക്കൽ - പരമാവധി സബ്സിഡി തുക അനുവദിക്കുന്നില്ല | 1-31 |
| 47 | ലൈഫ് മിഷൻ ലോൺ തുക ലഭ്യമായതിൽ ഇരട്ടിപ്പ് - തുക തിരികെ അടച്ചില്ല | 1-32 |
| 48 | ഓഡിറ്റ് ഇംപാക്ട്- സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം 5924 രൂപ അധികം ചെലവഴിച്ചതു തിരികെ അടവാക്കി | 1-33 |
| 49 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 1-34 |
| 50 | നാഷണൽ റർബൻ മിഷൻ ഫണ്ട്- ഫലപ്രദമായി വിനിയോഗിച്ചില്ല – വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമായ വൻതുക പാഴായി | 1-35 |
| 51 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റുന്നില്ല | 1-36 |
| 52 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികൾ-റിക്കവർ ചെയ്ത തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടക്കുന്നില്ല. | 1-37 |
| 53 | പഞ്ചായത്ത് കണക്ക് കൃത്യമായി തയ്യാറാക്കിയില്ല-പഞ്ചായത്ത് ഫണ്ടിന് 525200/-രൂപ നഷ്ടമായി | 1-38 |
| 54 | ടേക്ക് എ ബ്രേക്ക് പൊതു ശൗചാലയ നിർമ്മാണം-ബില്ല് തയ്യാറാക്കിയതിൽ അപാകതകൾ | 1-39 |
| 55 | മരാമത്ത് പ്രവൃത്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നില്ല | 1-40 |
| 56 | ദേശീയ തൊഴിലുറപ്പ് പദ്ധതി-യഥാസമയം അളവ് രേഖപ്പെടുത്തി ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയില്ല. | 1-41 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് രണ്ടു തവണ തുക ചെലവഴിച്ചു-19418 രൂപ തടസ്സപ്പെടുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

പുതുപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13/07/2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 22/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം(Land) അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-2 മൂലധന ചെലവ് Capital Contribution ആയി അക്കൗണ്ട് ചെയ്തിട്ടില്ല

വികസന ഫണ്ടിന്റെ(ജനറൽ,SCP,TSP) ചെലവ് റവന്യൂ-ക്യാപ്പിറ്റൽ വേർതിരിച്ച് ക്യാപ്പിറ്റൽ ചെലവ് Capital Contribution ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-3 ജനറൽ ഫണ്ടിന്റെ കൃത്യത ബോധ്യപ്പെടുന്നില്ല**

31/03/2023 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ടിന്റെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

**1-1-4 ബാധ്യത തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ബി 4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാധ്യത തുകകളുടെ കൃത്യത അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിന്റെ അഭാവത്തിൽ ബോധ്യപ്പെട്ടിട്ടില്ല. 2022-23 വർഷം ചെലവഴിച്ച തുകകളും പ്രസ്തുത കണക്കിൽ ബാധ്യതയായി നില്ക്കുന്നു(22-23 വർഷം ടേക്ക് എ ബ്രേക്കിന് ചെലവഴിച്ച നിർമൽ പുരസ്കാരം 250000/- രൂപ 31-3-23 ലും ബാധ്യതയാണ്).

**1-1-5 കെ യു ആർ ഡി എഫ് സി വായ്പയുടെ വിശദാംശങ്ങൾ ലഭ്യമല്ല**

കൃത്യമായ ലോൺ രജിസ്റ്ററിന്റെ അഭാവത്തിൽ ബി 5 ഷെഡ്യൂളിൽ ഉൾപ്പെട്ട 10038381/- കൃത്യത ഉറപ്പില്ല. ഈ തുകയിൽ ലോൺ തുകയും, സംസ്ഥാന വിഹിതമായി ലഭിച്ച തുകയും ഉൾപ്പെടുന്നു.

**1-1-6 ഇല്ലാത്ത ആസ്തിക്ക് തേയ്മാനച്ചെലവ് രേഖപ്പെടുത്തി**

ബി 11 (A) ഷെഡ്യൂളിൽ 416100104 ശീർഷകത്തിൽ വാട്ടർവേസ്റ്റ് ഡിപ്രീസിയേഷൻ ആയി 747726 /- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തിയിൽ പ്രസ്തുത ഇനം ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 ധനകാര്യ വിശകലനത്തിനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ലോൺരജിസ്റ്റർ, ആസ്തിരജിസ്റ്റർ, മറ്റ് ആവശ്യങ്ങൾക്ക് ലഭിച്ച തുകകളുടെ അപ്രോപ്രിയേഷൻ രജിസ്റ്റർ എന്നിവ കൃത്യതയോടെ തയ്യാറാക്കി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-8 ഡെപ്പോസിറ്റ്/മുൻകൂർ നല്കിയ തുകകളുടെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല**

ബി 7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെയും ബി 18 ഷെഡ്യൂൾ പ്രകാരമുള്ള മുൻകൂർ നല്കിയ തുകകളുടെയും കൃത്യത ബോധ്യപ്പെട്ടിട്ടില്ല. പ്രസ്തുത രജിസ്റ്ററുകൾ സെക്രട്ടറി ആധികാരികമാക്കിയിട്ടില്ല.

**1-1-9 കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് തുകകളുടെ മുന്നിരിപ്പ്/നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല**

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് തുകകളുടെ മുന്നിരിപ്പ്/നീക്കിയിരിപ്പ് വിവരങ്ങൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലഭ്യമാകുന്നില്ല.

**1-1-10 സ്ഥിരനിക്ഷേപം വാർഷികകണക്കിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു**

31-3-2023 തീയതിയിലെ സ്ഥിര നിക്ഷേപം 12311762/- ആണെന്നിരിക്കെ വാർഷികകണക്കിൽ ആയത് 12041136/- രൂപയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-1-11 ആസ്തിയിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു**

ബി 11 (E) ഷെഡ്യൂളിൽ 415100002 ശീർഷകത്തിൽ നിലവിലില്ലാത്ത ആസ്തിയ്ക്ക് 273419/-രൂപ മൂല്യശോഷണമായി രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

**1-1-12 വാടകകുടിശിക ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല**

ബി 15 ഷെഡ്യൂളിൽ 431400102 ശീർഷകത്തിൽ കെട്ടിട വാടക കുടിശിക 1467746/- രൂപയാണ് എന്നാൽ ആയത് ഡിമാന്റ് രജിസ്റ്ററിൽ 1539365/- രൂപയാണ്.

**1-1-13 കേന്ദ്രസഹായം തെറ്റായി അക്കൗണ്ട് ചെയ്തു**

ആയുഷ് പദ്ധതിക്ക് ലഭിച്ച 4.5 ലക്ഷത്തിന്റെ കേന്ദ്രസഹായം ഹെൽത്ത് ഗ്രാന്റായി അക്കൗണ്ട് ചെയ്തു.

**1-1-14 മുൻകൂർ നല്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഉൾപ്പെടുത്തുന്നില്ല**

വിവിധ ഏജൻസികളിൽ മരാമത്ത് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകൾ RP-45, B-8 ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നില്ല.

**1-1-15 തൊഴിലുറപ്പ് പദ്ധതി കണക്ക് - വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല**

തൊഴിലുറപ്പ് പദ്ധതി- വരവുചെലവുകണക്കുകൾ കാഷ്ബുക്ക് പ്രകാരമുള്ള വരവുചെലവു തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**1-2 ബജറ്റ്**

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2022തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 13.03.23 തീയതിയിലെ I-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പാസ്സാക്കിയ ബജറ്റും പരിഷ്ക്കരിച്ച ബജറ്റും പ്രകാരമുള്ള വരവുചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പരിഷ്ക്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 20264269 | 19587030 |
| വരവ് | 215036525 | 216032743 |
| ആകെ | 235300794 | 235619773 |
| ചെലവ് | 223131000 | 222391500 |
| നീക്കി ബാക്കി | 12169794 | 13228273 |

**1-3 സാമ്പത്തികവിശകലനം**

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് അക്കൗണ്ട് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് (01.04.2022) | 12520840.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 56549933.00 |
| ആകെ | 69070773.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 47471021.00 |
| നീക്കിയിരിപ്പ് (31.03.2023) | 21599752.00 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23 പ്രകാരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 131033012.00 |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 139670245.00 |
| പ്രവർത്തന നഷ്ടം (Gross Deficit) | 8637233.00 |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 1,351,862.00 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 9,989,095.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | 19418/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2790459/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് /നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 00 | 18774359 | 18774359 | 18444451 | 329908 | 98.24 |
| വികസനഫണ്ട് എസ് സി പി | 00 | 3178000 | 3178000 | 2811804 | 366196 | 88.47 |
| വികസനഫണ്ട്റ്റി എസ് പി | 00 | 358000 | 358000 | 358000 | 00 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 00 | 4930000 | 4930000 | 1354318 | 3575682 | 27.47 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 00 | 5993000 | 5993000 | 2484848 | 3508152 | 41.46 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 447545 | 3298000 216232 (പലിശ) | 3961777 | 2799371 | 1162406* | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 2038903 | 4947000 | 6985903 | 3457786 | 3528117* | |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 568621.50 | 17884758 | 18453379.50 | 18451638 | 1741.50 | |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 1456816 | 1107164 | 2563980 | 219725 | 2344255 | |
| ഹെൽത്ത് ഗ്രാന്റ് | 00 | 262682 | 262682 | 00 | 262682 | |
| ഹെൽത്ത് ഗ്രാന്റ് - ഡയഗണോസ്റ്റിക്സ് & ഇൻഫ്രാസ്ട്രക്ചർ | 00 | 382143 | 382143 | 00 | 382143 | |

. വികസനഫണ്ട് (പൊതു വിഭാഗം) സംസ്ഥാന ബജറ്റ് വിഹിതം 18964000/- രൂപയായിരുന്നെങ്കിലും വസ്തു നികുതി പിരിവ് ലക്ഷ്യം കാണാഞ്ഞതിനാൽ വികസനഫണ്ട് (പൊതു വിഭാഗം) ന്റെ 1% ആയ 189640/- രൂപ കുറവുചെയ്ത ശേഷം 18774359/- രൂപ മാത്രമാണ് തൻവർഷം ലഭിച്ചത്.

. സ ഉ ജി ഒ (ആർ റ്റി) 4585/2022 ഫിൻ 23-6-22 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ക്യാരി ഓവർ വിഹിതമായി ട്രഷറിയിൽ ലഭിച്ച 790567/-രൂപയിൽ 340000/-രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള യഥാർത്ഥ തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിലുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് വാർഷികകണക്കിൽ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 27-07-2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 01-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവു പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 37 സ്പിൽഓവർ പ്രോജക്ടുകളും 183 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 220 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 12,22,46,138/- രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 07-01-2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 24-05-2022 |
| ഗ്രാമസഭ | 28-05-2022 മുതൽ 31-5-22 |
| വികസനസെമിനാർ | 09-06-2022 |
| പദ്ധതി അന്തിമമാക്കൽ-ജനറൽ കമ്മറ്റി അംഗീകാരം | 27-02-2023 |

**<u>പദ്ധതിനിർവ്വഹണം</u>**

അംഗീകാരം ലഭിച്ച 220 പ്രോജക്ടുകളിൽ 138 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 4,64,68,332/- രൂപയാണ്. ചെലവ് 38% മാത്രം. റോഡ് റോഡിതരമെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ആവിഷ്ക്കരിച്ച വിവിധ പ്രൊജക്റ്റുകൾ തൻവർഷം ചെലവഴിക്കാൻ സാധിച്ചിരുന്നില്ല. കാർഷികമേഖലയിൽ നേരിട്ട് ചെലവഴിക്കുന്ന തുകകൾ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്താതിരുന്നതും ആകെ ചെലവ് ശതമാനം കുറയുന്നതിനിടയാക്കി. ചെലവ് ശതമാനത്തിൽ വന്ന കുറവ് ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

**<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>**

പദ്ധതി നിർവ്വഹണചുമതല 13 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയവ | നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് തുക | ചെലവു % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 8 | 74,95,325/- | 22,69,157/- | 30.27 |
| 2 | വെറ്ററിനറി സർജൻ | 10 | 9 | 37,90,000/- | 24,44,801/- | 64.5 |
| 3 | മെഡിക്കൽ ഓഫീസർ (PHC) | 8 | 6 | 25,22,984/- | 13,30,384/- | 52.7 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 2 | 3,00,000/- | 2,88,746/- | 96.2 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 5,25,000/- | 5,19,606/- | 98.97 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 17 | 4,80,74,016/- | 1,24,51,855/- | 25.9 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4 | 63,12,950/- | 35,38,194/- | 56.04 |
| 8 | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 58 | 36 | 1,83,78,763/- | 1,13,00,594/- | 61.48 |
| 9 | അസിസ്റ്റന്റ് എൻജിനീയർ(LI & EW) | 83 | 36 | 2,95,65,310/- | 82,33,749/- | 27.85 |
| 10 | ഹെഡ്മാസ്റ്റർ | 5 | 4 | 17,19,610/- | 15,66,460/- | 91.09 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 8,00,000/- | 8,00,000/- | 100 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 12 | 19,58,540/- | 16,99,326/- | 86.76 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 8,03,640/- | 25,460/- | 3.16 |
| | **ആകെ** | **220** | **138** | **12,22,46,138/-** | **4,64,68,332/-** | **38** |

<u>വാർഷികപദ്ധതി വിലയിരുത്തൽ</u>

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്ക് 25.9% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് വൻതുകകൾ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ലോൺ, സംസ്ഥാനാവിഷ്കൃത ഫണ്ട് തുകകളായി വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ലഭിക്കുകയോ ചെലവഴിക്കുകയോ ചെയ്തിരുന്നില്ല. അസി എഞ്ചിനീയർക്കും 27.85% തുക

മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. റോഡ് റോഡിതര സംരക്ഷണഗ്രാന്റ് തുകകൾ യഥാക്രമം 27.47%, 35.68% മാത്രമേ ചെലവഴിക്കാൻ സാധിച്ചിരുന്നുള്ളൂ.

**സഞ്ചിതനിധിയിലേയ്ക്ക് 77 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു**

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് |
|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 329908 |
| വികസനഫണ്ട് എസ് സി പി | 366196 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 3575682 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 3508152 |
| **ആകെ** | **7779938/-** |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-6 ദേശീയ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2022-23 വർഷം ആകെ 1933 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 18 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 311 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 124 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 104 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആകെ ചെലവ് 184.51 ലക്ഷം രൂപ. 45925 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 240 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 180 അയൽകൂട്ടങ്ങളിൽ 145 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 746കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം കോഴിക്കൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ക്യാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. വരവ്/ചെലവുകൾ വാർഷിക കണക്കിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് | 568621.50 | 984520.00 | 1553141.50 | 1551400.00 | 1741.50 |
| ഇ.എഫ്.എം.എസ് | 00 | 16900238.00 | 16900238.00 | 16900238.00 | 00 |
| ആകെ | 568621.50 | 17884758.00 | 18453379.50 | 18451638.00 | 1741.50 |

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5280 | 13 |
| വാർദ്ധക്യകാലപെൻഷൻ | 31729400 | 2848 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3383600 | 307 |
| വിധവാപെൻഷൻ | 10166800 | 981 |
| 50 വയസിലധികം പ്രായമുള്ളവർക്ക് നൽകുന്ന അവിവാഹിത പെൻഷൻ | 455400 | 45 |
| വികലാംഗപെൻഷൻ | 3007200 | 272 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-8 കാഷ് നീക്കിയിരിപ്പ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2023 തീയതി 3.25 പി.എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 16089/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓഡിറ്റ് വർഷം ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗനടപടികൾ ശരിയായ രീതിയിൽ മിനിട്ട്സ് ചെയ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.06.2022 | 7/21-3/22 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.08-2023 മുതൽ 16.08.2023 വരെ | 2019- 23 വരെ | എസ് സി 3/7805/2023/ ഡി റ്റി 28.10.23 |

## 1-11 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി

സ.ഉ(അ)നമ്പർ 17/2011/തസ്വഭവ/14.01.2011 ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം 01.04.2013 മുതൽ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 50 രൂപയും 100 ച.മീറ്ററിന് മുകളിൽ 60ഉം 200ച.മീ. താഴെയുള്ള സൂപ്പർമാർക്കറ്റുകൾക്ക് 50ഉം 200ച.മീ.നു മുകളിലുള്ള സൂപ്പർമാർക്കറ്റുകൾക്ക് 80 രൂപ നിരക്കിലും വസ്തുനികുതി ഈടാക്കാവുന്നതാണ്. പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന 100

ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങളെ 100 ച.മീ കുറവു വരുന്ന മുറികളായി തിരിച്ച് നമ്പരുകൾ നല്കുകയും 100 ച.മീ കുറവു വരുന്ന കെട്ടിടങ്ങൾക്ക് ബാധകമായ 50 രൂപ/ച മീ നിരക്കിൽ നികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അപാകത മൂലം പഞ്ചായത്തിന് പ്രതിവർഷം നികുതിയിനത്തിൽ നഷ്ടം വരുന്നുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | കണക്കാക്കിയ നിരക്ക് ച.മീ | കണ ക്കാക്കേണ്ട ത് ച.മീ | നികുതി പ്രാബല്യ തീയതി | അടിസ്ഥാന നികുതിയിൽ പ്രതിവർഷം കുറവ് |
|---|---|---|---|---|---|---|---|
| 1 | 7/377 ഇ-ജെ | കെ.വി.മാണി, കണിയാംപറമ്പിൽ | 243.25 | 50 | 60 | 31.3.23 | 243.25*10-2432 |
| 2 | 7/408 എ-എഫ് | കെ.എം.ശശി കുന്നേൽപ്പറമ്പിൽ | 409.13 | 50 | 60 | 30.01.19 | 409.13*10-4091 |
| 3 | 7/694 എ-ഡി | ഷാജൻ കെ തോമസ് , മുളവീട്ടിൽ | 131.36 | 50 | 60 | 18.12.18 | 131.36*10-1313 |
| 4 | 10/70എ-എച്ച് | സെക്രട്ടറി, പുതുപ്പള്ളി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 269.46 | 50 | 60 | 16.11.18 | 269.46*10-2695 |
| 5 | 10/174 എ-എച്ച് | ഏലിയാമ്മ വർഗ്ഗീസ്, കളപ്പുരയ്ക്കൽ വീട് | 224.36 | 50 | 60 | 13.3.2020 | 224.36*10-2243 |
| 6 | 9/143 എ-എച്ച് | സീമാ വിശ്വനാഥൻ, ലാവണ്യ | 151.16 | 50 | 60 | 22.11.18 | 151.16*10-1512 |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/1.12.23) നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി. ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് അവയുടെ ഉപയോഗക്രമവും വിസ്തീർണ്ണവും അനുസരിച്ച് ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയത്തിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തില്ല

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6 പ്രകാരം വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ 20% വർദ്ധന വരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ 5 മീറ്റർ കൂടുതൽ വീതിയുള്ള റോഡിന് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധന കണക്കിലെടുത്തതായി കാണുന്നില്ല.

| ക്രമ നം | വാർഡ് നം / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേരും തരവും | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം(ച .മീ) |
|---|---|---|---|---|---|
| 1 | 7/402എ ,ബി | എൻ.ജെ.എബ്രഹാം, നല്ലുക്കളത്തിൽ | തെങ്ങണ-മണർകാട് റോഡ് | വാണിജ്യാവശ്യം | 30 |
| 2 | 7/420 എ-സി | സി.കെ.രാജു,കാരാപ്പുഴ വീട്ടിൽ | സി.കെ.മാണി റോഡ് | വാണിജ്യാവശ്യം | 36.65 |
| 3 | 7/535 എ ,ബി | സന്തോഷ് എബ്രഹാം ,ആശാരിപ്പറമ്പിൽ | നിലയ്ക്കൽപ്പള്ളി കുട്ടൻചിറപ്പടി | വാണിജ്യാവശ്യം | 265.16 |

| | | | റോഡ് | | |
|---|---|---|---|---|---|

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/1.12.23) വസ്തു നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി. ഇപ്രകാരം വസ്തു നികുതി നിർണ്ണയിച്ച പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി ദീർഘകാലമായി കുടിശ്ശിക

ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ദീർഘകാലമായി കുടിശ്ശികയായി കാണുന്നു.

| കെട്ടിട നം | പേര് | നികുതി/ കുടിശ്ശിക | റിമാർക്ക് |
|---|---|---|---|
| 17/516C | റിലയൻസ് ഇൻഫ്രാടെൽ ,ലിമിറ്റഡ് | 213295 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ കുടിശ്ശിക |
| 17/193 | ATC ഇൻഫ്രാസ്ട്രക്ചർ പ്രൈ..ലിമി. | 155716 | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ കുടിശ്ശിക |

ടി മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്. (22/2.12.23) കുടിശ്ശിക ഈടാക്കുന്നതിന് 31.3.23 ൽ ഓൺലൈൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതാണെന്ന് മറുപടി നല്കി. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 സമീപ കെട്ടിടങ്ങളെ വിവിധ മേഖലയുടെയും റോഡിന്റെ തരത്തിലും ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി

സമീപ കെട്ടിടങ്ങളെ വിവിധ മേഖലയുടെയും റോഡിന്റെ തരത്തിലും ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നം / കെട്ടിട നമ്പർ | വിസ്തീർണ്ണം (ച .മീ) | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | റോഡിന്റെ തരം | കെട്ടിടത്തിന്റെ തരം |
|---|---|---|---|---|---|---|
| 1 | ഷാജികമാർ ,മാത്തുവിള | 772 B | 63 | പ്രഥമം | 5മീറ്ററിൽ കൂടുതൽ പുതുപ്പള്ളി-മണർകാട് റോഡ് | പാർപ്പിടം |
| 2 | ജോൺസൺ,വേങ്ങമൂട്ടിൽ വീട് | 772 C | 151.88 | ദ്വിതീയം | 1.5 മീ കൂടുതൽ പുതുപ്പള്ളി-മണർകാട് റോഡ് | പാർപ്പിടം |

ഇപ്രകാരം വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/1.12.23) അപാകത പരിഹരിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് മറുപടി നല്കി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 22-23 വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം | |
|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, പുതുപ്പള്ളി | 2 | ജീവനക്കാരുടെ തൊഴിൽ നികുതി |
| 2 | ടി.സി ഫിനാൻസിയേഴ്സ് & ഇൻവെസ്റ്റ്മന്റ് | 2 | സ്ഥാപന തൊഴിൽ നികുതി |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിവിവരം അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിൽ കുടിശികയില്ല. എന്നാൽ പഞ്ചായത്ത് പരിധിയിലെ സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, കള്ളുഷാപ്പുകൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായ സ്ഥാപനങ്ങളും കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരെയും തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/1.12.23) മേൽ പരാമർശിത വിഭാഗത്തിൽ നിന്നും 23-24 വർഷം മുതൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ലൈസൻസ് പുതുക്കാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കുത്തകാവകാശം വാടകയ്ക്ക് ഏറ്റെടുത്തിട്ടുള്ളതുമായ സ്ഥാപനയുടമകൾ പഞ്ചായത്ത് നൽകുന്ന ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ നടത്തി വരുന്നുവെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും വ്യക്തമായി. ആകെ വാടകയ്ക്ക് കൊടുത്ത 28 മുറികളിൽ 5 മുറികളുടെ കുത്തകക്കാർ മാത്രമാണ് ലൈസൻസെടുത്തിട്ടുള്ളതായി കാണുന്നത്. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | കെ ആർ സുമ,പനയ്ക്കൽ | 7/268A |
| 2 | കുടുംബശ്രീ ജനകീയ ഹോട്ടൽ | 7/273 |
| 3 | പി പി കുര്യാക്കോസ്, പുതുവേലിൽ പുത്തൻചന്ത ,വാകത്താനം | 7/274 |
| 4 | സജി,തടത്തിൽ,മീനേടം | 7/276 |
| 5 | എം കെ കുഞ്ഞുകുഞ്ഞ്, എല്ലാത്തുപറമ്പിൽ | 7/277 |
| 6 | കൃഷ്ണൻകുട്ടി,കോഴിമല | 7/278 |
| 7 | കെ എം തോമസ്,കുറ്റിക്കൽ | 7/278A |
| 8 | റ്റി സി മോനി,അടിച്ചിൽ | 7/271 |
| 9 | സജീവ് സി എൻ,ചെമ്പോലയിൽ | 7/283 |
| 10 | പി സി സാബു, പനയ്ക്കൽ | 7/286 |
| 11 | വൽസമ്മ ആൻഡ്രൂസ്,ചെറിയമഠം | 7/287 |
| 12 | പ്രദീപ് റ്റി കെ ,താന്നിമൂട്ടിൽ | 7/278 |
| 13 | സുമി പി കെ ,അമ്മാകുന്നേൽ | 7/289 |
| 14 | രാജൻമാർക്കോസ്,എഴുത്തുപ്പള്ളി | 7/290 |
| 15 | മാത്യു കെ തോമസ്,കുറ്റിക്കൽ | 7/291 |
| 16 | സജിഎബ്രഹാം,ചാക്കയിൽ | 7/291A |
| 17 | റിയാമോൾ,വർക്കി | 7/292 |

| | | |
|---|---|---|
| 18 | പി വി അന്ത്രോസ്,വടശേരിൽ | 7/741D |
| 19 | ഏലിയാമ്മചാക്കോ,വടക്കേക്കര | 6/63 |
| 20 | റ്റിറ്റിതോമസ്,അയ്യംപറമ്പിൽ | 10/77 |
| 21 | മാത്യൂ,വടക്കേക്കുറ്റ്,പുതുപ്പള്ളി | 10/40C |
| 22 | തോട്ടയ്ക്കാട് നോർത്ത് ക്ഷീരോദ്പ്പാദകസഹകരണസംഘം 253 കെ ഡി | 50A |
| 23 | പ്രസിഡന്റ്, കൈരളികുടുബശ്രീ | 7/282 |

മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-17/1.12.23) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളുടെ കൈവശക്കാർ ലൈസൻസ് പുതുക്കുന്നതിന് അദാലത്ത് നടന്ന സമയത്ത് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും അഞ്ച് പേര് ഒഴികെ ബാക്കി 23പേർക്കും 2021-22 വർഷത്തിൽ വാടകകുടിശിക നിലനിന്നിരുന്നതിനാൽ ലൈസൻസ് പുതുക്കിനൽകിയില്ലെന്ന് അറിയിച്ചു. വ്യാപാരസ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നത് ചട്ടവിരുദ്ധവും ലൈസൻസ് ഫീസിനത്തിലുള്ള വരുമാനനഷ്ടത്തിനും ഇടയാക്കുന്നു.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളും 1996ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 7, 10 പ്രകാരം ഫീസ് അടവാക്കി ലൈസൻസ് പുതുക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട്ന്ന് ഉറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ നിയമപരമായ ബാധ്യതയാണ്. പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ മുൻവർഷത്തേക്കാൾ 81 സ്ഥാപനങ്ങൾ അധികമായി തൻവർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും സപ്ലൈക്കോസൂപ്പർമാർക്കറ്റ്, റേഷൻകടകൾ, വിവിധ ക്ഷീരോദ്പ്പാദക സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര വാണിജ്യ സ്ഥാപനങ്ങളെയും സ്ഥിതി വിവരകണക്ക് ശേഖരിച്ച് വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-17 തനത് വരുമാന സ്രോതസ്സുകൾ-അധിക വിഭവ സമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(V) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടേയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനമായ വസ്തു നികുതി പിരിവ്, ലൈസൻസ് പിരിവ് ,മറ്റു വരവിനങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തിയതായോ തുടർനടപടികൾക്കായി ജനറൽകമ്മിറ്റിയിൽ അവതരിപ്പിക്കുകയോ ചെയ്യതായോ കാണുന്നില്ല. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ.22-3-23 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ സ.ഉ (പി) നം 25/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക്

അംഗീകരിച്ചുകൊണ്ട് 25.04.23ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി (തീരുമാനം 41-1). കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 23-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 1-4-23 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. കരട് വിജ്ഞാപനം പത്രങ്ങളിലും ഗ്രാമപഞ്ചായത്തിലേയും ഘടകസ്ഥാപനങ്ങളിലേയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്തു.) 26.10.23 ലെ 5-1 നം.തീരുമാനപ്രകാരം അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 34 ലക്ഷത്തിലധികം രൂപ കുടിശ്ശികയുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിന് ധനകാര്യകമ്മിറ്റിയോ ജനറൽ കമ്മിറ്റിയോ തീരുമാനം എടുത്തതായി കാണുന്നില്ല.

തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡാറ്റാബേസ് അപൂർണ്ണമാണ്. സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, കള്ളുഷാപ്പുകൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായ സ്ഥാപനങ്ങളും ഗവ.പ്ലീഡർമാർ, നോട്ടറികൾ ഉൾപ്പെടെയുള്ള അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരും ഡിമാൻഡിൽ ഉൾപ്പെട്ടിട്ടില്ല.
ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ അടിസ്ഥാന ഡേറ്റ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ പൂർത്തിയാക്കാതിരുന്നതിനാൽ പഞ്ചായത്തിന് ചെറിയ അളവിലെങ്കിലും വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-18 പോസ്റ്റ് ഷിഫ്റ്റിംഗ് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.**

പഞ്ചായത്തിലെ വിവിധ (2,4,18) വാർഡുകളിൽ വാഹനഗതാഗതത്തിനും റോഡ് നിർമ്മാണ പ്രവൃത്തികൾക്കും തടസ്സമായിനിന്നിരുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി കെ എസ് ഇ ബി യുടെ വിവിധ ഓഫീസുകളിൽ നിന്ന് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർനമ്പർ | തുക | ഇനം | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 22200328/2.7.22 | 6875/- | പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-4, | കെ എസ് ഇ ബി, പാമ്പാടി സെക്ഷൻ |
| 22200810/25.11.22 | 9134/- | പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-18, | കെ എസ് ഇ ബി, പുതുപ്പള്ളി സെക്ഷൻ |
| 22200811/25.11.22 | 17176/- | പോസ്റ്റ് ഷിഫ്റ്റിംഗ് | കെ എസ് ഇ ബി, |

| | | | |
|---|---|---|---|
| | | വാർഡ്-18, | പുതുപ്പള്ളി സെക്ഷൻ |
| 22201254/13.03.23 | 7138/- | പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ്-2, | കെ എസ് ഇ ബി, പുതുപ്പള്ളി സെക്ഷൻ |
| ആകെ | 40323 | | |

മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടങ്കിൽ ഫൈനൽ ബില്ലും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-9/30.11.23) ലഭിച്ച മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ഫൈനൽ ബില്ലും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്നതുവരെ 40323/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 ഫണ്ട് ലഭ്യത കണക്കിലെടുക്കാതെ നിർമ്മാണപ്രവർത്തനം ആരംഭിച്ചു- കോടതി വ്യവഹാരത്തിലേക്ക് നയിച്ചു**

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ നാഷണൽ റർബ്ബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പുതുപ്പള്ളി ഫുഡ് പ്രോസസിംഗ് യൂണിറ്റ് (അടങ്കൽ തുക - 71 ലക്ഷം രൂപ) നിർമ്മാണ വേലക്ക് അസി എഞ്ചിനീയർ ഇ-ടെണ്ടർ ക്ഷണിച്ച പ്രകാരം ലഭിച്ച ടെണ്ടറുകളിൽ കുറവ് തുക (0.043736%) ക്വാട്ട് ചെയ്ത സാബു സെബാസ്റ്റ്യൻ്റെ ടെണ്ടർ അംഗീകരിച്ചും എഗ്രിമെൻ്റ് വച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് അസി, എഞ്ചിനീയറെ ചുമതലപ്പെടുത്തിയും ഗ്രാമപഞ്ചായത്ത് കമ്മറ്റി (18-5-22 ലെ (1/2) തീരുമാനം) തീരുമാനിച്ചിരുന്നു. ആയത് അനുസരിച്ച് റർബൻ മിഷൻ ഫണ്ട് ലഭ്യമാകുമെന്ന നിഗമനത്തിൽ ടിയാനുമായി കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തതായി കാണുന്നു. എന്നാൽ ഏത് പ്രൊജക്റ്റ് പ്രകാരമാണ് പ്രവൃത്തി ആരംഭിച്ചത് എന്നത് വ്യക്തമായില്ല. നിർവ്വഹണകാലാവധി 20-21 വർഷം അവസാനിച്ചതോടെ റർബൻ മിഷൻ ഫണ്ട് നൽകൽ നിർത്തി വച്ചതായി ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും അറിയിച്ചിരുന്നു. അടിത്തറ നിർമ്മാണം ഉൾപ്പടെ ചെയ്ത പ്രവൃത്തികളുടെ തുക ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ കരാറുകാരൻ ശ്രീ.സാബു സെബാസ്റ്റ്യൻ ടി പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റൻ്റ് എഞ്ചിനീയർക്ക് നൽകിയ കത്ത് പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്തു. ടി ഫണ്ട് ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായാൽ ഉടൻ ഫണ്ട് നൽകാവുന്നതാണ് എന്ന് കരാറുകാരന് അറിയിപ്പ് നൽകാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 29-9-22ലെ (22/1) നമ്പർ പ്രകാരം തീരുമാനിച്ചു. ചെയ്ത പ്രവർത്തികളുടെ ബിൽ തുക ലഭ്യമാകാത്തതിനെ തുടർന്ന് കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു.

( WP(C)40465/22). റർബൻ മിഷൻ്റെ ഡിപിആറിൽ ഉൾപ്പെടാത്ത പ്രൊജക്റ്റിൻ്റെ നിർവ്വഹണം മിഷൻ്റെ അനുമതി ലഭ്യമാകാതെ റർബൻമിഷൻ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാൻ തീരുമാനിച്ചതിനും മിഷൻ്റെ കാലാവധി കഴിഞ്ഞതിന് ശേഷവും പ്രൊജക്റ്റ് രൂപീകരിച്ചതിനും നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കുവാനും ശ്രീ.സാബു സെബാസ്റ്റ്യൻ ഹൈക്കോടതിയിൽ സമർപ്പിച്ച WP(C)40465/22 നമ്പരായ കേസിൻ്റെ നിലവിലെ സ്ഥിതി വിശദീകരിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം20/1-12-23)മറുപടി ലഭ്യമാക്കിയിരുന്നില്ല. ഫണ്ട് ലഭ്യത ഉറപ്പാക്കാതെ പ്രവൃത്തി ആരംഭിച്ചതിനും അത് വഴി കോടതി വ്യവഹാരങ്ങളിലേയ്ക്കു് നയിച്ചതിനും നിർവ്വഹണോദ്യോഗസ്ഥനും ബന്ധപ്പെട്ട ഭരണസമിതിയ്ക്കും ഉത്തരവാദിത്തമുണ്ട്. ടി പ്രോജക്ക് ഫണ്ട് ലഭ്യമാകാതെ ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ കരാറുകാരന് തുക നൽകുന്നതിന് കോഡിനേഷൻ കമ്മറ്റിയുടെ അനുമതി തേടാവുന്നതും അതുവഴി കോടതി നടപടികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതുമാണ്.

**1-20 തെരുവുവിളക്ക് പരിപാലനം -ലൈറ്റുകളുടെയും അനുബന്ധസാമഗ്രികളുടെയും സ്ഥാപനം- നടപടിക്രമങ്ങൾ പാലിക്കുന്നില്ല**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷം നടപ്പാക്കിയ താഴെപറയുന്ന പ്രൊജക്റ്റുകൾ പ്രകാരം ഹന്ന ഇലക്ട്രിക്കൽസ് , ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും തെരുവുവിളക്ക് പരിപാലനത്തിനായുള്ള ലൈറ്റുകളും അനുബന്ധ സാമഗ്രികളും വാങ്ങിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണങ്ങൾ | പ്രൊജക്റ്റ് നം 198/23 | പ്രൊജക്റ്റ് നം 19/23 |
|---|---|---|

| | | |
|---|---|---|
| | ചെലവ്=4,63,708(തനത് ഫണ്ട്)<br>(ചെക്ക് നം 5420767/12-10-22) | ചെലവ്=1,80,389(വികസനഫണ്ട്)<br>(Bill No5/21-5-23, 33/29-3-23) |
| 12W LED | 2520 | 863 |
| 18W LED | 90 | |
| Shade | 1440 | 351 |
| 1.5mm Alu.Wire | 78coil | 20coil |
| Holder | 2520 | 406 |
| S Wire | 3roll | |
| Insulation Tape | 150roll | 43roll |

മേൽചേർത്തിരിക്കുന്ന പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊ.നം 198/23പ്രകാരം ടെൻഡർ ക്ഷണിച്ചതിൽ 12w LED ബൾബിന് കുറഞ്ഞനിരക്കായ 126/-രൂപ ക്വാട്ട് ചെയ്തിരുന്നത് ഏഷ്യൻ മാർക്കറ്റിങ്ങ് എന്ന സ്ഥാപനമായിരുന്നു. എന്നാൽ ടെൻഡർ അംഗീകരിച്ചത് ലൈറ്റ് ഒന്നിന് 128/-രൂപ നിരക്ക് ക്വാട്ട് ചെയ്ത ഹന്ന ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെയാണ്. ഹന്ന ഇലക്ട്രിക്കൽസിന്റെ ടെൻഡർ അംഗീകരിച്ച ശേഷം നെഗോഷിയേഷൻ നടത്തി 125/-നിരക്കിൽ കരാർ ഉറപ്പിച്ചിരുന്നു. ഇത് ക്രമപ്രകാരമല്ല. ഏറ്റവും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ടെൻഡററുമായി മാത്രമേ നെഗോഷ്യേഷൻ നടത്തുവാൻ പാടുള്ളൂ. കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്തത് അംഗീകരിക്കാതിരിക്കുവാൻ ജനറൽ കമ്മറ്റിയുടെ 16-9-22ലെ 1/1തീരുമാനപ്രകാരം ഹന്ന ഇലക്ട്രിക്കൽസിന്റെ മുൻകാലങ്ങളിലെ തൃപ്തികരമായ പ്രകടനമാണ് കാരണമായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് കുറഞ്ഞ നിരക്ക് നിരസിക്കുവാൻ മതിയായ കാരണമല്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം7/30-11-23) മറുപടിയായി ഗുണനിലവാരമുള്ള ബൾബുകൾ തരുന്ന സ്ഥാപനമായതിനാലാണ് കമ്മറ്റി തീരുമാനപ്രകാരം കരാർ നൽകിയത് എന്നറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതല്ല. ടെൻഡർ നടപടികൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രൊ.നം.19/23 പ്രകാരം 863 എണ്ണം 12w LED ലൈറ്റുകൾ ഹന്ന ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങിയിരുന്നത് 128രൂപ നിരക്കിലായിരുന്നു. ഹന്ന ഇലക്ട്രിക്കൽസിന്റെ 17-9-22ലെ കത്ത് പ്രകാരം 125/-രൂപയ്ക്ക് നൽകുവാൻ സന്നദ്ധമാണെന്ന് അറിയിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 15-2-23ലെ 2(6)നമ്പർ തീരുമാനപ്രകാരം പ്രൊ.നം 198/23പ്രകാരം അംഗീകരിച്ച 125/-രൂപ നിരക്കിൽ 883 ലൈറ്റുകൾ സ്ഥാപിക്കുന്നതിനായിരുന്നു തീരുമാനമെടുത്തത്. കമ്മറ്റി തീരുമാനത്തിന് വിരുദ്ധമായി അധികനിരക്കിൽ ബൾബുകൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം7/30-11-23) മറുപടിയായി കൂടുതലായി നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

നൽകാവുന്ന തുക = 863x125=107875

നൽകിയ തുക =863x 128=110464

അധികം നൽകിയ തുക =2589

അധികമായി നൽകിയ തുക ഹന്ന ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

3. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വാങ്ങിയ ലൈറ്റുകളും അനുബന്ധഉപകരണങ്ങളും വിവിധവാർഡുകളിലെ മെമ്പർമാരാണ് കൈപ്പറ്റിയിട്ടുള്ളത്. ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ Proj No 199/23 പ്രകാരം വിനോദ് ടി കെ എന്ന കരാറുകാരൻ 2994 ഇലക്ട്രിക് പോസ്റ്റുകളിൽ അറ്റകുറ്റപ്പണികൾ നടത്തിയത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിരുന്നു. ബാക്കി ലൈറ്റുകളും മറ്റുപകരണങ്ങളും എങ്ങനെ വിനിയോഗിച്ചുവെന്ന് വ്യക്തമല്ല. ടിയാൾ ഏതൊക്കെ സാമഗ്രികളാണ് റിപ്പയറിങ്ങിന് ഉപയോഗിച്ചത് എന്നതും വ്യക്തമല്ല. സ്റ്റോക്ക് വിവരം കൃത്യമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം7/30-11-23) മറുപടിയായി സാധനങ്ങൾ മാറുന്ന വിവരം മെമ്പർമാരെ ബോധ്യപ്പെടുത്തുന്നുവെന്നും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിതരണം കൃത്യമായി രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-21 വിവിധ നിക്ഷേപപ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് 2022-23 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ ഏജൻസികളിൽ നടത്തിയ നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെലവഴിച്ച തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | ബാലൻസ് |
|---|---|---|---|
| പ്രൊ.നം 1/23 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ- കെഎസ്ഇബി | 15,52,500 CFC (ബിൽ നം 180/7-2-23, 292/20-3-23) | 188820 | 13,63,680/- 13,04,444/-(KSEB പുതുപ്പള്ളി)+59236/- KSEB പാമ്പാടി) |
| 215/23മിനി ഹൈമാസ്റ്റ് സ്ഥാപിക്കൽ- അനർട്ട് | 5,89,050/- ബ്ലോക്ക് വിഹിതം( ബിൽനം 25/16-3-23) | 00 | 589050/- വിശദമായ എസ്റ്റിമേറ്റ് ഇല്ല, കരാർ വച്ചിട്ടില്ല. വാറന്റി നിബന്ധനകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല. |
| 191/23 ടേക്ക് എ ബ്രേക്ക് -കുഴൽക്കിണറിന് മോട്ടോർ സ്ഥാപിക്കൽ - ഭൂജലവകുപ്പ് | 1,40,000/- തനത് ഫണ്ട്- (ചെക്ക് നം5420761/ 26-9-22) | 00 | 1,40,000/- കരാർ വച്ചിട്ടില്ല |
| ആകെ | 22,81,550/- | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 8/30-11-23) മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. കരാർ വയ്ക്കാതിരുന്നതിന് മറുപടി ലഭ്യമായില്ല. വിനിയോഗസാക്ഷ്യപത്രം നിർവ്വഹണ ഏജൻസിയുമായുള്ള കരാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വിശദമായ എസ്റ്റിമേറ്റ് ചെലവ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നത് വരെ ആകെ ചെലവ് തുകയായ 22,81,550/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 വാട്ടർ അതോറിറ്റി പൊതുടാപ്പുകളുടെ വെള്ളക്കരം- ആവർത്തനചെലവുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു

| | |
|---|---|
| പ്രൊ.നം | **3/23** |
| അടങ്കൽ | 12,31,697/-(CFC) |
| ചെലവ് | 12,31,597/ ബിൽ നം(-216/8-3-23, 291/22-3-23, 151/10-1-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 538 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 12,31,597/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും Dec2022മുതൽ March2023വരെയുള്ള കാലയളവിൽ ചെലവഴിച്ചിരുന്നു. ആസ്തി ആർജ്ജിക്കുന്നില്ലാത്ത ആവർത്തനചെലവുകൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 8/30-11-23) മറുപടിയായി കുടിവെള്ളം ശുചിത്വം എന്നിവയ്ക്ക് അനുവദിക്കുന്ന ടൈഡ് ഫണ്ടിൽ നിന്നും ടി പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചതിനാലാണ് ഗ്രാന്റ് വിനിയോഗിച്ച് അടച്ചത് എന്നറിയിച്ചിട്ടുണ്ട്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. കുടിവെള്ളം, ശുചിത്വം എന്നിവ

ഉൾപ്പടെ ആസ്തി സൃഷ്ടിക്കുന്ന പ്രൊജക്റ്റുകൾക്ക് മാത്രമേ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവൂ. ആവർത്തനചെലവുകൾക്ക് വികസനഫണ്ട് വിനിയോഗിക്കാൻ അനുമതി ലഭ്യമായിരുന്നില്ല. പ്രൊജക്റ്റുകൾ തയ്യാറാക്കി നടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**1-23 ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് രണ്ടു തവണ തുക ചെലവഴിച്ചു- 19418 രൂപ നിരാകരിക്കുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നം | 13/23 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| അടങ്കൽ – വികസന ഫണ്ട്(ജനറൽ) | 1000000/- |
| ചെലവ് – വികസന ഫണ്ട്(ജനറൽ) | 999999/- |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി ബിൽ നം 11/12.10.22 മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം.1292/05.09.22പ്രകാരം 19418 രൂപ നല്കിയിട്ടുണ്ട്. എന്നാൽ ബിൽ നം 16/05.11.22 പ്രകാരവും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സ്ഥാപനത്തിന്റെ ഇതേ നമ്പർ ഇൻവോയ്സിന് 19418 രൂപ നല്കിയതായി കാണുന്നു.ഇപ്രകാരം ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് രണ്ടു തവണ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/29.11.23) ഫാർമസിസ്റ്റാണ് ഓഫീസിൽ ഇൻവോയ്സ് സമർപ്പിക്കുന്നതെന്നും സമർപ്പിച്ച ഇൻവോയ്സ് തന്നെ ഫാർമസിസ്റ്റ് വീണ്ടും സമർപ്പിക്കുകയും മെഡിക്കൽ ഓഫീസർ മാറി കൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ അറിയിക്കുയും ചെയ്തതിനാലും മറ്റ് ബില്ലുകളോടൊപ്പം വീണ്ടും ടി തുകയ്ക്കുള്ള ബിൽ സമർപ്പിച്ചതിനാലും ഇരട്ടിപ്പ് വന്നത് കണ്ടു പിടിക്കാൻ സാധിച്ചില്ല എന്നു അറിയിച്ചു.അധികം നല്കിയ തുക തിരികെ നല്കുകയോ ടി തുകയ്ക്കുള്ള മരുന്നുകൾ നല്കുകയോ ചെയ്യാമെന്ന് KMSCL അറിയിച്ചിട്ടുണ്ടെന്ന് മറുപടി നല്കി.

ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് രണ്ടു തവണ തുക ചെലവഴിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുകയായ 19418/- രൂപ KMSCL ൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുകയോ ടി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**1-24 ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തില്ല**

| | |
|---|---|
| പ്രോജക്ട് നം | 132/23 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ – വികസന ഫണ്ട്(ജനറൽ) | 1000000/- |
| ചെലവ് | 291600 |
| ബിൽ നം | 386/31.3.23 |

വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്നും 72കട്ടിൽ വാങ്ങിയിട്ടുണ്ട്. കട്ടിലിന്റെ വിലയായി 291600/- രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. CBEC സർക്കുലർ 65/39/2018-DOR തീയതി 14.09.2018 നമ്പർ സർക്കുലർ പ്രകാരം 1.10.2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് ബില്ലിൽ നിന്നും 2% ജി.എസ്.റ്റി. (TDS) ഉറവിടത്തിൽ ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് മുകളിൽ മൂല്യം വരുന്ന ബില്ലിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാതെ മുഴുവൻ തുകയും സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ജി.എസ്.ടി തുക ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/1.12.23)

ഗവ.അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും പർച്ചേസ് ചെയ്യതിനാലാണ് TDS ഈടാക്കാതിരുന്നതെന്ന് മറുപടി നല്കി. ടി മറുപടി അംഗീകരിക്കാനാവില്ല. TDS ഇനത്തിൽ ഈടാക്കാതിരുന്ന 4942/- രൂപ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

പഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിയ്ക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി തുകകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ഗുണഭോക്താക്കളുടെ വിവരം | നാളിതുവരെ കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|
| അജിത് ശ്രീധർ<br>മണലോട്ടിതുരുത്തേൽ<br>വാർഡ്-14 | 200000 | 16.06.20 | തറ നിർമ്മാണം പൂർത്തീകരിച്ചു |
| ശ്രീനി സാജു ,വില്ലുത്തറമാലിയിൽ<br>വാർഡ്-15 | 40000 | 22.01.21 | തറ നിർമ്മാണം പൂർത്തീകരിച്ചു |
| | 160000 | 17.12.21 | |
| അനു അഗസ്റ്റിൻ<br>കണ്ണൻകടിയിൽ<br>വാർഡ്-4 | 40000 | 27.1.21 | ലിന്റൽ വരെ നിർമ്മാണം പൂർത്തീകരിച്ചു |
| | 160000 | 18.03.22 | |
| | 100000 | 7.1.23 | |
| മിനി മധു<br>മൂലയിൽ<br>വാർഡ്-15 | 40000 | 02.06.21 | അഡ്വാൻസ് |
| ജൂലിയ .എ.പീറ്റർ,<br>മച്ചുകാട്<br>വാർഡ്-15 | 40000 | 31.3.21 | തറ നിർമ്മാണം പൂർത്തീകരിച്ചു |
| | 160000 | 5.7.22 | |
| തങ്കമ്മ ഉണ്ണി<br>പൂച്ചക്കാട്ടിൽ<br>വാർഡ്-133 | 40000 | 22.6.22 | അഡ്വാൻസ് |
| ചന്ദ്രസേനപ്പണിക്കർ,കൊച്ചുപുരക്കൽ | 40000 | 7.3.22 | ലിന്റൽ വരെ നിർമ്മാണം പൂർത്തീകരിച്ചു |
| | 160000 | 14.9.22 | |
| | 100000 | 19.11.22 | |

ടി ഗുണഭോക്താക്കൾ തുടർ നിർമ്മാണം നടത്തി ഭവനനിർമ്മാണം പൂർത്തികരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 വീട് വാസയോഗ്യമാക്കൽ-നാളിതുവരെ പണി പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (ജനറൽ) എന്ന പ്രോജക്ട് (നം.66/23) പ്രകാരം 20.12.22ൽ 25000/- രൂപ അഡ്വാൻസ് (ബിൽ നം.16/20.12.22) കൈപ്പറ്റിയ ഷിന്റു.എ.വി, അച്ചൻകാലായിൽ എന്ന ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. ടി ഗുണഭോക്താവ് ഭവന പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 മെൻസ്ട്രുൽ കപ്പ് വിതരണം ചെയ്യാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 223/23 |
| പ്രോജക്ടിന്റെ പേര് | മെൻസ്ട്രുൽ കപ്പ് വാങ്ങൾ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , |

| | |
|---|---|
| | പി.എച്ച്.സി |
| അടങ്കൽ – വികസന ഫണ്ട്(ജനറൽ)<br>തനത് ഫണ്ട് | 97005/-<br>10995 /- |
| ചെലവ് – വികസന ഫണ്ട്(ജനറൽ) | 60000/- |
| ബിൽ നം | 260/15.3.23 |

മെൻസ്ട്രുൽ കപ്പ് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 60000/- രൂപ ചെലവഴിച്ച് 190 മെൻസ്ട്രുൽ കപ്പുകൾ ഹിൽ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 104 എണ്ണം മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളു. വിതരണം ചെയ്യാനവശേഷിക്കുന്ന 86 മെൻസ്ട്രുൽ കപ്പുകൾ അടിയന്തിരമായി വിതരണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

## <u>1-28 മിനിസിവിൽ സ്റ്റേഷൻ കോംമ്പൗണ്ടിലെ കരിങ്കല്ല് ലേലം - റോയൽറ്റി തുക കരാറുകാരനിൽ നിന്നും ഈടാക്കിയില്ല-</u>

മിനിസിവിൽ സ്റ്റേഷൻ കോംമ്പൗണ്ടിലെ നിർമ്മാണപ്രവർത്തനങ്ങൾക്കായി പൊട്ടിച്ചു നീക്കിയ 235m$^3$ കരിങ്കല്ല് നീക്കംചെയ്യുന്നതിനായി അസി.എഞ്ചിനീയർ തയ്യാറാക്കിയ സർവ്വെ റിപ്പോർട്ട് പ്രകാരം 1m$^3$ന് 1500.84/- രൂപ നിരക്കിൽ 3,52,697/- രൂപ വാല്യുവേഷൻ നിശ്ചയിച്ചിരുന്നു. 11-10-22 ലെ ജില്ലാജിയോളജിസ്റ്റിന്റെ കത്ത് പ്രകാരം കല്ല് നീക്കം ചെയ്യുന്നതിന് റോയൽറ്റിയായി 1m$^3$ ന് 60/- രൂപ നിരക്കിൽ 14100/-രൂപ മൈനിങ്ങ് &ജിയോളജി വകുപ്പിൽ ഒടുക്കുവാൻ അറിയിച്ചിരുന്നു. ആയത് പ്രകാരം തനത് ഫണ്ടിൽ നിന്നും 8-2-23 ൽ ചെലാൻ നം 30399030 പ്രകാരം 14100/-രൂപ ഒടുക്കിയിരുന്നു. തുടർന്ന് നടന്ന ലേലനടപടികളിൽ കല്ലിന്റെ വാലുവേഷൻ തുകയ്ക്ക് പുറമെ റോയൽറ്റി തുക കൂടി ഉൾപ്പെടെയുള്ള തുകയായ 3,66,797/- രൂപയ്ക്ക് ലേലനടപടികൾ ആരംഭിക്കേണ്ടതിന് പകരം 3,53,000/- രൂപയ്ക്കാണ് ദീപു എംഎസ് എന്നയാൾക്ക് ലേലം ഉറപ്പിച്ച് നൽകിയത്. കല്ല് നീക്കം ചെയ്യുന്നതിനുള്ള റോയൽറ്റിതുക കരാറുകാരൻ ഒടുക്കേണ്ടിയിരുന്നു. ആയത് തനത് ഫണ്ടിൽ നിന്നും ഒടുക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം24/4-12-23)മറുപടി ലഭ്യമാക്കിയില്ല. റോയൽറ്റി തുക കൂടി ഉൾപ്പെടെയുള്ള തുകയ്ക്ക് ലേലനടപടികൾ ആരംഭിക്കാതിരുന്നത് മൂലം ഗ്രാമപഞ്ചായത്തിന് റോയൽറ്റി നൽകിയ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. മറുപടി ലഭ്യമാക്കുന്നത് വരെ റോയൽറ്റി ഇനത്തിൽ നൽകിയ 14100/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>1-29 പഞ്ചായത്ത് ഓഫീസിൽ EPABX സംവിധാനം- ആവശ്യകത വ്യക്തമല്ല</u>.

| | |
|---|---|
| പ്രൊ.നം | **232/23** |
| അടങ്കൽ | 97200/-(തനത് ഫണ്ട്) |
| ചെലവ് | 97200/-(ചെക്ക് നം 419114/30-3-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്ത് ഓഫീസിൽ Syntel Noes 4S Digital EPABXസംവിധാനം സജ്ജീകരിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്കായ 97000/-രൂപ ക്വാട്ട് ചെയ്ത Avalon Systems &Services എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 32 ടെലഫോണുകൾ ഉൾപ്പടെയുള്ള EPABXസംവിധാനം സ്ഥാപിക്കുകയും തുക നൽകുകയും ചെയ്തിരുന്നു. 32 സീറ്റുകളിലായി ടെലഫോണുകൾ സ്ഥാപിച്ചതായി കാണുന്നു. സെക്രട്ടറി, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്ക് സിയുജി സംവിധാനത്തിലുള്ള ഫോൺ ചാർജ്ജ് അനുവദിച്ച് വരുന്നതും താരതമ്യേന ചെറിയ ഓഫീസ് സംവിധാനവുമുള്ള പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന് EPABXസംവിധാനം സജ്ജീകരിക്കേണ്ടതിന്റെ ആവശ്യകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 8/30-11-23) മറുപടിയായി രണ്ട് നിലകളിലായുള്ള പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന എഇ, വിഇഒ ഓഫീസുകളിലുള്ള ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്താനാണ് സംവിധാനം ഏർപ്പെടുത്തിയത് എന്നറിയിച്ചിട്ടുണ്ട്. മൊബൈൽ ഫോണുകളുടെ വരവോടെ തീർത്തും അപ്രസക്തവും കാലഹരണപ്പെട്ടതുമായ EPABX സംവിധാനം സജ്ജീകരിക്കുന്നതിന് ചെലവഴിച്ച തുക പാഴ് ചെലവായി മാറിയതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രൊജക്റ്റുകൾ

നടപ്പാക്കുമ്പോൾ ആവശ്യകത പരിഗണിച്ച് പഞ്ചായത്ത് ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**1-30 3,47,845 രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല**

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾ പ്രകാരം മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ/ ഉപകരണങ്ങൾ ലഭിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം,പേര് | ഇൻവോയ്സ് നം | തുക | ബിൽ നം | ലഭിച്ച സാധനങ്ങളുടെ വില | ലഭിക്കാനവശേഷിക്കുന്ന സാധനങ്ങളുടെ വില |
|---|---|---|---|---|---|---|
| 1 | 13/23 പാലിയേറ്റീവ് കെയർ | PRF 1292/5.9.22 | 19418 | 16/5.11.22 | 18961 | 457 |
| 2 | ,, | PRF 1227/1.9.22 | 117505 | 16/5.11.22 | - | 117505 |
| 3 | ,, | PRF 1665/14.10.22 | 309592 | 91/5.11.22 | 145803 | 163789 |
| 4 | | PRF 5763/ 25.3.23 | 94999 | 352/28.3.23 | 47782 | 47217 |
| 5 | 55/23 PHC ക്ക് മരുന്ന് വാങ്ങൽ | PRF 5528/21.03.23 | 51152 | 330/21.3.23 | 32275 | 18877 |
| | ആകെ | | | | | 347845 |

ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ വിലയിനത്തിലെ 3,47,845/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-31 വീട് വാസയോഗ്യമാക്കൽ - പരമാവധി സബ്സിഡി തുക അനുവദിക്കുന്നില്ല**

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കാൻ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 100000/-രൂപയും പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് 200000/-രൂപയും പരമാവധി സബ്സിഡി അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 50000/- രൂപയും പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് 150000/- രൂപയും മാത്രമാണ് ധനസഹായം വകയിരുത്തി നൽകിയത്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ച സാഹചര്യത്തിൽ ചെറിയ സബ്സിഡി തുക ഉപയോഗിച്ച് വീട് വാസയോഗ്യമാക്കുക എന്ന പ്രവൃത്തി എത്രത്തോളം ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കി പദ്ധതി ധനസഹായം ഗുണപരമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാർഡ് വിഭജനം മാനദണ്ഡമാക്കാതെ സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിയ്ക്കാമെന്ന് നിഷ്കർഷിച്ചിട്ടുള്ള പരമാവധി തുക വകയിരുത്തി ധനസഹായം അനുവദിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

**1-32 ലൈഫ് മിഷൻ ലോൺ തുക ലഭ്യമായതിൽ ഇരട്ടിപ്പ് - തുക തിരികെ അടച്ചില്ല**

ലൈഫ് മിഷൻ ഗുണഭോക്താവായ മാധവൻ കെ ജി എന്നയാൾക്ക്, ബെനിഫിഷ്യറി നം (ID-913509) ലൈഫ് മിഷൻ ഹഡ്കോ ലോണായി 16/04/2021 തീയതി (Requisition Number -120055000006) റിക്വസ്റ്റ് ചെയ്ത 220000/- രൂപ പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിരുന്നു. എന്നാൽ ടി ഗുണഭോക്താവിന്റെ പേര് ഇരട്ടിപ്പ് വന്നിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 20-4-22 ലെ 12/1 നമ്പർ തീരുമാന പ്രകാരം ടി തുകയായ 220000/- രൂപ ലൈഫ് മിഷൻ ഹഡ്കോ അക്കൗണ്ടിലേയ്ക്ക് തിരിച്ച് അടയ്ക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ വി ഇ ഒ യുടെ റിപ്പോർട്ട് പ്രകാരം തീരുമാനിച്ചു നിശ്ചയിച്ചു. തുക തിരികെ അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/01-12-23)

മറുപടിയായി അധികമായി റികവസ്റ്റ് ചെയ്ത് അനുവദിച്ച തുക ലൈഫ് മിഷൻ ഹഡ്കോ അക്കൗണ്ടിലേക്ക് തിരികെ അടവാക്കി അറിയിക്കുന്നതാണ് എന്നറിയിച്ചു. തുക തിരികെ അടവാക്കുകയോ അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് നൽകുന്നതിന് അനുമതി വാങ്ങി നൽകുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

**1-33 ഓഡിറ്റ് ഇംപാക്ട്- സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം 5924 രൂപ അധികം ചെലവഴിച്ചതു തിരികെ അടവാക്കി**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 24/23 സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം |
| നിർവഹണോദ്യോഗസ്ഥൻ | എച്ച്.എം |
| അടങ്കൽ – | 319780വികസന ഫണ്ട്(ജനറൽ)+199230തനത് ഫണ്ട് |
| ചെലവ്- | 319780വികസനഫണ്ട്(ജനറൽ)+ 94340 തനത് ഫണ്ട്=414120 |
| ബിൽ നം | 4/27.4.22-319780, 5/27.4.22-94340 |

പ്രഭാത ഭക്ഷണം എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 4 സ്ക്കൂളുകളിൽ കുട്ടികൾക്ക് നവംബർ 21 മുതൽ മാർച്ച് 22 വരെ പ്രഭാത ഭക്ഷണം നല്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എറികാട് ഗവ. യുപിഎസ് ൽ 3/22 ൽ ഭക്ഷണം നല്കുന്നതിനായി 1,91,520/- രൂപ ചെലവഴിച്ചിട്ടുണ്ട്.ആയതുമായി ബന്ധപ്പെട്ട വൗച്ചറുകൾ, Morning Meal രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ 3/22 ൽ പ്രഭാത ഭക്ഷണം നല്കുന്നതിനായി ആകെ 186226/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബിൽപ്രകാരം ആകെ 191520/- രൂപ മാറിയിട്ടുണ്ട്. ഇപ്രകാരം 5924/- രൂപ അധികം ചെലവഴിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (3/29.11.23) നല്കിയപ്പോൾ അധികം നല്കിയ 5924/- രൂപ രസീത് നം 1230904577/30.11.23 പ്രകാരം തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

**1-34 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.**

| | |
|---|---|
| പ്രൊജക്റ്റ് നം | 59/23 |
| അടങ്കൽ | 2,00,000/- റോഡിതര മെയിന്റനൻസ് ഗ്രാന്റ് |
| ചെലവ് | 2,00,000/-( ബിൽ നം.1/25-1-23) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം ഹോംകോയിൽ നിന്നും മരുന്നു വാങ്ങലിനായി 2,00,000/-രൂപ റോഡിതരമെയിന്റനൻസ് ഗ്രാന്റ് വിഹിതം വിനിയോഗിച്ചിരുന്നു. ഇതിൽ 93,359/-രൂപയുടെ മരുന്നുകൾ മാത്രമേ ഇൻവോയിസ് നം LF965 തീയതി 8-11-23 പ്രകാരം ലഭ്യമായതായി കാണുന്നുള്ളൂ.. ബാക്കി തുകയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10/30-11-23) മറുപടി ലഭ്യമായില്ല. 106641/-രൂപ യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നത് വരെ കിട്ടാനവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 106641/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-35 നാഷണൽ റർബൻ മിഷൻ ഫണ്ട്- ഫലപ്രദമായി വിനിയോഗിച്ചില്ല – വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമായ വൻതുക പാഴായി**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സ്കീമായ ശ്യാമപ്രസാദ് മുഖർജി റർബൻ മിഷന്റെ (SPMRM) ആഭിമുഖ്യത്തിൽ നഗരസൗകര്യത്തോടെ ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തിക, സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് രണ്ട് ഗ്രാമപ്രദേശങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ച് വികസന പദ്ധതികൾ തയ്യാറാക്കിയിരുന്നു. പുതുപ്പള്ളി- മണർകാട് റർബൻ ക്ലസ്റ്ററിൽ നാഷണൽ റർബൻ മിഷൻ(NRuM) മുഖേന പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്

ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട്(CGF) ഇനത്തിൽ 14 കോടി രൂപയുടെ പദ്ധതികൾക്ക് ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം ലഭിച്ചിരുന്നു. 2016-17, 2017-18, 2018-19 വർഷങ്ങളിലായി നടപ്പാക്കുന്നതിനായിരുന്നു ലക്ഷ്യമിട്ടത്. കോവിഡ് അനന്തരസാഹചര്യങ്ങളെ പരിഗണിച്ച് 2021-22 വർഷം വരെ ഫണ്ട് റിലീസ് ചെയ്തിരുന്നു.

**(1) അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പാക്കിയില്ല – വൻതുക പാഴായി**

കൺവർജൻസ് ഫണ്ടും ക്രിട്ടിക്കൽ ഗ്യാപ് ഫണ്ടും വിനിയോഗിച്ച് 21 നിർമ്മാണപ്രവൃത്തികൾക്കായി നാഷണൽ റർബൻ മിഷന്റെ അംഗീകാരം ലഭിച്ചിരുന്നു. 2016-17 വർഷം അംഗീകാരം ലഭിച്ച് 2018-19 വർഷം പൂർത്തിയാകുന്ന രീതിയിൽ തയ്യാറാക്കിയ പല പ്രോജക്റ്റുകൾക്കും തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. 14 കോടി NruM ഫണ്ട് ലഭ്യമാകുമായിരുന്നുവെങ്കിലും 8.33 കോടി രൂപ മാത്രമേ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.നിരവധി പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉപേക്ഷിക്കേണ്ടി വന്നത് അവധാനത പുലർത്തി ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാത്തതുമൂലമാണ്. ഉപേക്ഷിക്കപ്പെട്ട പ്രൊജക്റ്റുകൾ ചുവടെ ചേർക്കുന്നു.

1. സബ് സെന്റർ ,പിഎച്ച് സി- (അടങ്കൽ 50 ലക്ഷം)- സ്ഥലലഭ്യതയില്ല

2.കളിസ്ഥലംമെയിന്റനൻസ്-ബോയ്സ് HSS (അടങ്കൽ 4.15 ലക്ഷം)- സ്ഥലം പഞ്ചായത്തിന്റെ ആസ്തിയല്ല

3.അംഗൻവാടിനിർമ്മാണം(അടങ്കൽ 61.9629ലക്ഷം) -ഉപേക്ഷിക്കാൻ കമ്മറ്റി തീരുമാനം

4. MGNREGS റോഡ് കോൺക്രീറ്റിംഗ്-11 Roads (അടങ്കൽ 28.60)- ഉപേക്ഷിക്കാൻ കമ്മറ്റി തീരുമാനം

5. ബസ് സ്റ്റാൻഡ് നവീകരണം (അടങ്കൽ 112.5)- 2022-23 വർഷം മാത്രമാണ് ആരംഭിച്ചത്. റർബൻ മിഷൻ ഫണ്ട് ലഭിക്കില്ല.

6. മത്സ്യമാർക്കറ്റ് &ലിച്ച് പിറ്റ് (അടങ്കൽ 200.00) – പദ്ധതി ഉപേക്ഷിക്കുകയും ടി തുക മിനി സിവിൽസ്റ്റേഷൻ കം ഷോപ്പിങ്ങ് കോംപ്ലക്സ് എന്ന പദ്ധതിയിലേക്ക് മാറ്റാൻ തീരുമാനം - റിവിഷൻ റർബൻ മിഷൻ അംഗീകരിച്ചിരുന്നോയെന്ന് വ്യക്തമല്ല. പദ്ധതിയ്ക്ക് തുക ലഭ്യമായില്ല. ഒരു കോടി രൂപ എംഎൽഎ ഫണ്ട് മാത്രം ചെലവഴിച്ച് കെട്ടിടം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു.

7. പാറയ്ക്കൽ കടവ് വികസനം (അടങ്കൽ 20.00) – അങ്ങാടി ഭാഗം സൗന്ദര്യവത്ക്കരണം എന്ന് മാറ്റിയിരു ന്നു-പദ്ധതി ആരംഭിച്ചില്ല.

മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ളവയുൾപ്പടെയുള്ള ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെയും സ്ഥലലഭ്യത പരിശോധിക്കാതെയും ഡിപിആർ തയ്യാറാക്കിയത് മൂലവും പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ മൂലവും വൻതുക നഷ്ടമാവുന്ന സാഹചര്യം സംജാതമാക്കിയിരിക്കുന്നു. 2021-22 വർഷത്തേക്കുകൂടി പദ്ധതി ദീർഘിപ്പിക്കാൻ അനുമതിയുണ്ടായിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിന് ആയത് ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചില്ല.

**റർബൻ മിഷൻ ഫണ്ട് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.**

നാഷണൽ റർബൻ മിഷൻ ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗാർഹികകണക്ഷന് പൈപ്പ് ലൈൻ എക്സ്റ്റെൻഷനായി 2-6-2018 ൽ 1,54,28,762/- രൂപയും 10-9-2018 ൽ 21,15,000/- രൂപയുമുൾപ്പടെ മുൻകൂറായി ആകെ 1,75,43,762/- രൂപ കേരള വാട്ടർ അതോറിറ്റി, പിഎച്ച് ഡിവിഷൻ, കോട്ടയം പേർക്ക് നൽകിയിരുന്നു. കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ പത്രിക പ്രകാരം ഇതിൽ 1,14,73,720/-രൂപ ചെലവഴിച്ചതായും 60,70,042/-രൂപ ബാലൻസ് നിൽക്കുന്നതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | പ്രവർത്തി വിവരം | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 1 | 10,11,12 ഒഴികെയുള്ള വാർഡിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1,54,28,762 | 97,93,897 | 5634865 |
| 2 | 10,11,12 വാർഡിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, | 21,15,000 | 1679823 | 435177 |

| | | | | |
|---|---|---|---|---|
| | ഇഞ്ചക്കാട്, കങ്ങഴക്കുന്ന് ജലസംഭരണി നവീകരണം | | | |
| | ആകെ | 1,75,43,762 | 1,14,73,720 | 60,70,042 |

1-3-21, 10-5-21 തീയതികളിൽ സെക്രട്ടറി വാട്ടർ അതോറിറ്റിയ്ക്ക് അയച്ച കത്തുകൾ പ്രകാരം ക്രമനം.1 പ്രകാരമുള്ള പ്രവൃത്തികളുടെ മാത്രം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ക്രമനം 2 പ്രകാരമുള്ള തുകയുടെ വിനിയോഗവും ബാലൻസ് തുകയായ 435177/-രൂപ തിരിച്ചടയ്ക്കാൻ ആവശ്യപ്പെടാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.4/29-11-23) മറുപടിയായി തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ 1-8-22ലെ SC1 1698/22 നം. കത്ത് പ്രകാരം ക്രമനം. 1 പ്രകാരം ബാലൻസ് നിൽക്കുന്ന തുകയിൽ നിന്നും 5,90,000/-രൂപ ജലജീവൻമിഷൻ സർവ്വെ വർക്കുകൾക്കായി ചെലവഴിച്ചതിന്റെ ബാലൻസ് തുകയായ 50,44,865/-രൂപ ചെക്ക് നം. 198559 തീയതി 21-7-22 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ചെലവഴിക്കാൻ അനുമതിയില്ലാത്ത ടി തുക റർബൻമിഷൻഫണ്ടിലേക്ക് തിരികെ അടയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം4/29-11-23 ) മറുപടിയായി ബാക്കി തുക തിരികെ അടച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭ്യമാക്കേണ്ട 435177രൂപ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും തനത് ഫണ്ടിൽ നിൽക്കുന്ന റർബൻ മിഷൻ തുകകൾ തിരികെ അടയേ്ക്കണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനവും മനുഷ്യശേഷിയും പരമാവധി പ്രയോജനപ്പെടുത്തി വിവിധങ്ങളായ പ്രോജക്ടുകളുടെ നടത്തിപ്പിലും മോണിറ്ററിംഗിലും കൂടുതൽ കാര്യക്ഷമത കൈവരിച്ച് പാഴ്ചെലവുകൾ ഒഴിവാക്കുന്നതിനും ലക്ഷ്യമിട്ട ഭൗതിക ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിച്ചില്ലായെന്ന് കാണുന്നു. തൻമൂലം വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമായ 5 കോടി രൂപയിലധികം പാഴായ സാഹചര്യമാണുള്ളത്. ഭീമമായ തുകകൾ വിവിധങ്ങളായ നിർവഹണ ഏജൻസികളിലേക്ക് നിക്ഷേപിക്കപ്പെട്ടിരുന്നുവെങ്കിലും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിലും നിക്ഷേപിക്കപ്പെട്ട തുകയ്ക്ക് അനുസൃതമായ മൂല്യത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടോയെന്ന് മോണിറ്ററിംഗിലൂടെ ഉറപ്പ് വരുത്തുന്നതിലും ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടില്ല. വിവിധങ്ങളായ പ്രോജക്ടുകളുടെ നിർവഹണത്തിൽ ഫലപ്രദമായ ഏകോപനം, സുതാര്യത, ഫലപ്രാപ്തി എന്നിവ ഉറപ്പ് വരുത്തുന്നതിലും അനുവദിക്കപ്പെട്ട ഫണ്ട് പൂർണ്ണമായി നേടിയെടുത്ത് ചെലവഴിക്കുന്നതിനും ടി കാലയളവിലെ പഞ്ചായത്ത് ഭരണസമിതി ജാഗ്രതാപൂർണ്ണമായ സമീപനം പുലർത്തിയില്ലായെന്ന് കാണുന്നു. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**<u>1-36 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റുന്നില്ല</u>**

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ ൽ ഉള്ള 37681100198 നമ്പർ അക്കൗണ്ടിൽ 13-11-2023 ൽ 136262/- രൂപ ടെണ്ടർ ഫീസ് ഇനത്തിൽ നീക്കിയിരിപ്പ് ഉണ്ട് (1-11-2022 മുതലുള്ളത്). ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെട്ടതായതിനാൽ ഈ തുക സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

**<u>1-37 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികൾ-റിക്കവർ ചെയ്ത തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടക്കുന്നില്ല.</u>**

2022-23 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള മരാമത്ത് പ്രവത്തികളുടെ പാർട്ട്/ ഫൈനൽ ബില്ലുകൾ തയ്യാറാക്കുമ്പോൾ കരാറുകാരന് നല്കാനുള്ള തുകയിൽ നിന്നും നിർബന്ധിതമായി ഈടാക്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റിനുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

**<u>കമ്മ്യൂണിറ്റി ഹാൾ നവീകരണം</u>**

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 500000/- രൂപ വകയിരുത്തി കെ ജി ചന്ദ്രൻ കരാറുകാരനായി ഏറ്റെടുത്ത കമ്മ്യൂണിറ്റി ഹാൾ നവീകരണം എന്ന 4/23 നമ്പർ പ്രോജക്ടിന്റെ ഫൈനൽ ബിൽ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ വിവരം | 1 St& Final |
|---|---|
| വേലമൂല്യം | 372883 |
| ജി എസ് റ്റി | 67119 |
| ആകെ | 440002 |
| റിക്കവറി | |
| സി ജി എസ് റ്റി | 3729 |
| എസ് ജി എസ് റ്റി | 3729 |
| വെൽഫയർ ഫണ്ട് | 3729 |
| ഐ റ്റി | 3729 |
| ആകെ റിക്കവറി | 14916 |
| കരാറുകാരന് നല്കാനുള്ള തുക | 425086 |

<u>കമ്മ്യൂണിറ്റി ഹാൾ ടോയ്ലറ്റ് കേംപ്ലക്സ് നിർമ്മാണം</u>

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1230198/- രൂപ വകയിരുത്തി എൻ ജെ ഏജൻസീസ് കരാർ വച്ച് ഏറ്റെടുത്ത കമ്മ്യൂണിറ്റി ഹാൾ ടോയ്ലറ്റ് കേംപ്ലക്സ് നിർമ്മാണംഎന്ന 29/23 നമ്പർ പ്രോജക്ട് വിവരം ചുവടെ ചേർക്കുന്നു.

| ബിൽ വിവരം | 1 ST | 2 & Final |
|---|---|---|
| വേലമൂല്യം | 365345 | 491780 |
| ജി എസ് റ്റി | 43841 | 88520 |
| ആകെ | 409186 | 580300 |
| റിക്കവറി | | |
| സി ജി എസ് റ്റി | 3653 | 4918 |
| എസ് ജി എസ് റ്റി | 3653 | 4918 |
| വെൽഫയർ ഫണ്ട് | 3653 | 4918 |
| ഐ റ്റി | 3653 | 4918 |
| ഫൈൻ 2% | | 9836 |
| ആകെ റിക്കവറി | 14612 | 29508 |
| കരാറുകാരന് നല്കാനുള്ള തുക | 394574 | 550792 |

- മേൽ പരാമർശിച്ചിരിക്കുന്ന 2 പ്രോജക്ടുകളുടെ 3 ബില്ലുകളിൽ കരാറുകാരന് നല്കാനുള്ള തുകയിൽ നിന്നുള്ള നിർബന്ധിത റിക്കവറി തുകകൾ 59036/- രൂപ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കു വരുത്താതെ ധനകാര്യ കമ്മീഷൻ ഗ്രാന്റിനുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ജി എസ് റ്റി ആക്ട്, ഐ റ്റി എന്നിവ പ്രകാരം റിക്കവർ ചെയ്ത തുക 15 ദിവസത്തിനകം അടവു വരുത്തിയില്ലെങ്കിൽ പിഴ ഈടാക്കാൻ വ്യവസ്ഥ ഉണ്ടെന്നിരിക്കെ റിക്കവറി തുകകൾ യഥാസമയം അടവാക്കാത്തതു മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്ക് സെക്രട്ടറി ഉത്തരവാദിയാകുന്നതാണ്.
- തുക യഥാസമയം അടവാക്കാതെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, മരാമത്ത് പ്രവൃത്തിയുടെ ഫയൽ എന്നിവയിൽ ചെലവ് കാണിച്ചത് നിയമാനുസൃതമല്ല.
- കമ്മ്യൂണിറ്റി ഹാൾ ടോയ്ലറ്റ് കേംപ്ലക്സ് നിർമ്മാണംഎന്ന പ്രവൃത്തി യഥാസമയം പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും ഫൈനൽ ബിൽ തുകയുടെ 2% ആയ 9836/- ഫൈൻ ഈടാക്കിയതായികാണുന്നു. പൊതുമരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ തുകയായ 1098374/- രൂപയുടെ 2% ആയ 21967/-രൂപയായിരുന്നു ഫൈൻ ആയി ഈടാക്കേണ്ടിയിരുന്നത്. അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ23/02.12.023 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. നികുതി വിഹിതങ്ങൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതും കരാറുകാരനിൽ നിന്നും ഈടാക്കിയ തുകയിൽ കുറവു വന്ന 12131/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതും സമാന രീതിയിലുള്ള അപാകത ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## <u>1-38 പഞ്ചായത്ത് കണക്ക് കൃത്യമായി തയ്യാറാക്കിയില്ല-പഞ്ചായത്ത് ഫണ്ടിന് 525200/-രൂപ നഷ്ടമായി</u>

സംയുക്ത പദ്ധതികൾക്കായി ട്രഷറിയിലുള്ള 3092 നമ്പർ അക്കൗണ്ടിൽ നിന്നും 31-3-2023 ൽ സർക്കാർ 525200/- രൂപ തിരിച്ചെടുത്തിട്ടുണ്ട്. തുടർവർഷം തുക തിരികെ നല്കിയിട്ടുമില്ല. സംയോജിത പദ്ധതികൾക്ക് ലഭിക്കുന്ന തുകയിൽ ചെലവഴിക്കാത്ത തുക തൻവർഷം തന്നെ നല്കിയ സ്ഥാപനത്തിന് മടക്കി നല്കുകയോ അല്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷം ആദ്യം തന്നെ സർക്കാരിലേക്ക് മടക്കി നല്കുകയോ വേണമെന്നതിനാൽ പ്രസ്തുത അക്കൗണ്ടിലുള്ള തുക തിരികെ ആവശ്യപ്പെടാനും കഴിയില്ല. എന്നാൽ വിഷയം വിശദമായി പരിശോധിച്ചതിൽ പ്രസ്തുത തുകയുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല എന്ന് കാണുന്നു (ഏതാവശ്യത്തിന് ഏത് സ്ഥാപനത്തിൽ നിന്നും ലഭിച്ചു). ലഡ്ജർ പരിശോധിച്ചതിൽ പഞ്ചായത്ത് ജനറൽ ഫണ്ടിൽ നിന്നും 31-3-2021 ൽ ജേണൽ വൗച്ചർ ഉപയോഗിച്ച് സംയുക്ത പദ്ധതികൾക്കായി ട്രഷറിയിലുള്ള 3092 നമ്പർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥത്തിൽ സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയാണോ എന്ന് പോലും ഉറപ്പില്ലാത്ത തുകയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും സംയുക്ത പദ്ധതികൾക്കുള്ള അക്കൗണ്ടിലേക്ക് മാറ്റിയതും 31-3-2023 ൽ സർക്കാർ തിരിച്ചെടുത്തിട്ടുമുള്ളത് എന്ന് കാണുന്നു. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/22-23) പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. പഞ്ചായത്ത് ധനകാര്യവിഭാഗം വിഷയം വിശദമായി പരിശോധിച്ച് പഞ്ചായത്തിന് നഷ്ടമായ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും വാർഷികകണക്കുകൾ അപാകതയില്ലാതെയാണ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-39 ടേക്ക് എ ബ്രേക്ക് പൊതു ശൗചാലയ നിർമ്മാണം-ബില്ല് തയ്യാറാക്കിയതിൽ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത ടേക്ക് എ ബ്രേക്ക് പൊതു ശൗചാലയ നിർമ്മാണം എന്ന 26/23 നമ്പർ പ്രോജക്ടിനായി സിവിൽ പ്രവൃത്തികൾക്ക് 1224182/- രൂപയും ഇലക്ട്രിക്കൽ വർക്കുകൾക്ക് 58159/- രൂപയും ഉൾപ്പെടെ 1282341/- രൂപ ഇതിനോടകം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കരാറുകാരനായ ആഷിഷ് ഫിലിപ്പ് 1131665/-രൂപക്ക് പ്രവൃത്തി ഏറ്റെടുക്കുകയും 26-7-2022 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ബിൽ തുകയുടെ 1% ആയ 5220/- രൂപ ഫൈൻ ഇനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് മാനുവൽ പ്രകാരം അംഗീകരിച്ച ടെണ്ടർ തുകയുടെ അടിസ്ഥാനത്തിലാണ് ഫൈൻ ഈടാക്കേണ്ടത് .ഫൈൻ തെറ്റായി കണക്കാക്കിയതു മൂലം പഞ്ചായത്തിനുണ്ടായ വരവ് നഷ്ടം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (ടെണ്ടർ തുകയായ 1131665/-രൂപയുടെ 1%) | 11316 |
| ഈടാക്കിയ ഫൈൻ (അവസാനബിൽ തുകയായ 521957/-രൂപയുടെ 1%) | 5220 |
| കുറവ് | 6096 |

ഈ പ്രവൃത്തിയുടെ ആദ്യബില്ല് തയ്യാറാക്കിയപ്പോൾ വേലമൂല്യത്തിൽ നിന്നും റിടെൻഷൻ തുക 14278/- കുറച്ചുള്ള തുകയാണ് കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും നല്കിയിട്ടുള്ളത്. പ്രസ്തുത തുക പിൻവലിച്ച് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കിയ സാഹചര്യത്തിൽ കരാറുകാരന് റിടെൻഷൻ തുക മടക്കി നല്കാൻ കഴിയുകയില്ല. അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ 5/22-23 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി കുറവ് തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-40 മരാമത്ത് പ്രവൃത്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നില്ല

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടടെ ടെണ്ടർ അംഗീകരിച്ചുകൊണ്ടുള്ള കത്തിൽ കരാർതുകയുടെ 0.5% മൂല്യമുള്ള ഇൻഷുറൻസ് എടുത്ത് (മിനിമം രണ്ട് ലക്ഷം മാക്സിമം അഞ്ച് ലക്ഷം) പ്രവൃത്തി തുടങ്ങി 15 ദിവസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആയത് പാലിക്കാത്ത പക്ഷം കരാർ തുകയുടെ 0.2% തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇൻഷുറൻസ് എടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതായും പിഴ തുക നാമമാത്രമായതിനാൽ ആയത് അടച്ച് ഇൻഷുറൻസ് ഒഴിവാക്കാൻ ശ്രമിക്കുന്നതായും കാണുന്നു. ഇൻഷുറൻസ്

എടുക്കുകയോ ഫൈൻ അടക്കുകയോ ചെയ്യാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് /നം | കരാറുകാരൻ | ടെണ്ടർ തുക | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ഹാൾ നവീകരണം-4/22-23 | കെ ജി ചന്ദ്രൻ | 368448 | 736 |
| 2 | ആയുർവ്വേദ ആശുപത്രി പുനരുദ്ധാരണം145/23 | പ്രദീഷ് ജേക്കബ് എബ്രഹാം | 1258410 | 2516 |
| 3 | സിയോൺ നഗർ റോഡ് പുനരുദ്ധാരണം238/23 | ടിജോ എബ്രഹാം വർഗ്ഗീസ് | 142170 | 281 |
| 4 | അഞ്ചേരി പുതിയ കാവ് റോഡ് 10/23 | ഷാജി ആൻഡ്രൂസ് | 389045 | 778 |
| 5 | തുടിയിൽ -വെട്ടത്തുപടി252/23 | ടിജോ എബ്രഹാം വർഗ്ഗീസ് | 262021 | 524 |
| 6 | പടിഞ്ഞാറ്റപുരയിൽ-പൊങ്ങൻ പാറ 94/23 | സുമിത് പി തടത്തിൽ | 148800 | 297 |
| 7 | പോളച്ചിറപടി-ആക്കാംകുന്ന് റോഡ് 247/23 | സജി കെ എബ്രഹാം | 245521 | 491 |
| 8 | ഇഞ്ചക്കാട്ടുപടി-കടപ്രകുന്നേൽ131/23 | സജി കെ എബ്രഹാം | 237218 | 474 |
| 9 | ഇഞ്ചക്കാട്ടുപടി-കൊച്ചുചാഴവലം 87/23 | ഷാജി ആൻഡ്രൂസ് | 272014 | 544 |
| 10 | വനിതാവികസന കേന്ദ്രം പുനരുദ്ധാരണം 154/23 | ടിജോ എബ്രഹാം വർഗ്ഗീസ് | 651995 | 1303 |
| 11 | ഇല്ലിക്കൽ പടി തുണ്ടിയിൽ പടി 259/23 | സജി കെ എബ്രഹാം | 148527 | 297 |
| 12 | വെട്ടത്തുപടി-പഴയിടത്തും പടി 83/23 | സജി കെ എബ്രഹാം | 88680 | 177 |
| 13 | കിഴക്കേക്കുഴി പുത്തരിപ്ര റോഡ് 275/23 | പ്രദീഷ് ജേക്കബ് എബ്രഹാം | 352440 | 704 |
| 14 | വിവിധ ഗവ എൽ പി സ്കൂളുകളുടെ പുനരുദ്ധാരണം11/23 | പ്രദീഷ് ജേക്കബ് എബ്രഹാം | 1258410 | 2516 |
| 15 | തുരുത്തി ഉൾ റോഡ് റീ കോൺക്രീറ്റിംഗ്130/23 | സജി കെ എബ്രഹാം | 89885 | 179 |
| 16 | ചേരമ്പേരിൽപടി-പുതു വയൽ85/23 | ടിജോ എബ്രഹാം വർഗ്ഗീസ് | 71634 | 143 |
| 17 | അമ്മുക്കുന്നേൽ-എള്ളുകാല റോഡ് 136/23 | സജി കെ എബ്രഹാം | 228190 | 456 |
| ആകെ | | | | 12416 |

ടെണ്ടർ അംഗീകരിച്ച കത്തിന്റെ ആറാം ഇനമായി പ്രതിപാദിച്ചിട്ടുള്ള ഇൻഷുറൻസ് എടുക്കാതിരുന്നതിനും ഇൻഷുറൻസ് എടുക്കാതിരുന്ന കരാറുകാരിൻ നിന്നും ഫൈൻ ഈടാക്കാതിരുന്നതിനുമുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നറിയിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/22-23) മറുപടിയായി ഫൈൻ തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി നല്കി. എല്ലാ മരാമത്ത് പ്രവൃത്തികളും നിർബന്ധമായി ഇൻഷ്വർ ചെയ്യുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും വീഴ്ച വരുത്തുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കേണ്ടതുമാണ്.

**<u>1-41 ദേശീയ തൊഴിലുറപ്പ് പദ്ധതി-യഥാസമയം അളവ് രേഖപ്പെടുത്തി ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയില്ല.</u>**

ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വ്യക്തിഗത പ്രോജക്ടുകളിലും/ ജനറൽ പ്രോജക്ടുകളിലും പ്രവൃത്തി തീരുന്ന മുറക്ക് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ അളവ് രേഖപ്പെടുത്തുകയും ആയത് ചെക്ക് മെഷർ ചെയ്യുകയും തുടർന്ന് ലേബർ/മെറ്റീരിയൽ ഇനം തിരിച്ച് ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കുകയും ചെയ്യുന്നു. ഫണ്ട് ലഭ്യമാകുന്ന മുറക്ക് ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുകയുമാണ് ചെയ്യുന്നത്. എന്നാൽ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21, 2021-22 വർഷങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ച പ്രോജക്ടുകളിൽ ചുമതലയുള്ള എഞ്ചിനീയർ യഥാസമയം അളവ്പുസ്തകത്തിൽ അളവ് രേഖപ്പെടുത്തുക, ചെക്ക് മെഷർ ചെയ്യുക, ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാതിരുന്നത് മൂലം 2020-21,21-22 വർഷങ്ങളിൽ 1576128/-നാളിതു വരെ കുടിശികയായി അവശേഷിക്കുന്നു. എന്നാൽ ഈ പ്രവൃത്തികളിൽ അവിദഗ്ധ തൊഴിലാളികളുടെ കൂലി നല്കിയിട്ടുണ്ട്. അളവ് രേഖപ്പെടുത്താതെ അവിദഗ്ധ തൊഴിലാളികളുടെ കൂലി കണക്കാക്കി ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയത് എങ്ങനെയെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല. ഭരണസമിതി വിഷയം പരിശോധിക്കേണ്ടതും തൊഴിലുറപ്പ് പദ്ധതി നടപടികൾ ക്രമപ്രകാരമാണെന്നും, നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ആവശ്യമായ പരിശോധന നടത്തുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. നിർവ്വഹണത്തിൽ വീഴ്ചയുണ്ടായതിന് ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

**<u>3-1 ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് രണ്ടു തവണ തുക ചെലവഴിച്ചു- 19418 രൂപ തടസ്സപ്പെടുന്നു</u>**

| | |
|---|---|
| പ്രോജക്റ്റ് നം | 13/23 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| അടങ്കൽ – വികസന ഫണ്ട്(ജനറൽ) | 1000000/- |
| ചെലവ് – വികസന ഫണ്ട്(ജനറൽ) | 999999/- |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി ബിൽ നം 11/12.10.22 മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നം.1292/05.09.22പ്രകാരം 19418 രൂപ നല്കിയിട്ടുണ്ട്. എന്നാൽ ബിൽ നം 16/05.11.22 പ്രകാരവും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്

സ്ഥാപനത്തിന്റെ ഇതേ നമ്പർ ഇൻവോയ്സിന് 19418 രൂപ നല്കിയതായി കാണുന്നു.ഇപ്രകാരം ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് രണ്ടു തവണ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 1/29.11.23 ) ഫാർമസിസ്റ്റാണ് ഓഫീസിൽ ഇൻവോയ്സ് സമർപ്പിക്കുന്നതെന്നും സമർപ്പിച്ച ഇൻവോയ്സ് തന്നെ ഫാർമസിസ്റ്റ് വീണ്ടും സമർപ്പിക്കുകയും മെഡിക്കൽ ഓഫീസർ മാറി കൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ അറിയിക്കുയും ചെയ്തതിനാലും മറ്റ് ബില്ലുകളോടൊപ്പം വീണ്ടും ടി തുകയ്ക്കുള്ള ബിൽ സമർപ്പിച്ചതിനാലും ഇരട്ടിപ്പ് വന്നത് കണ്ടു പിടിക്കാൻ സാധിച്ചില്ല എന്നു അറിയിച്ചു.അധികം നല്കിയ തുക തിരികെ നല്കുകയോ ടി തുകയ്ക്കുള്ള മരുന്നുകൾ നല്കുകയോ ചെയ്യാമെന്ന് KMSCL അറിയിച്ചിട്ടുണ്ടെന്ന് മറുപടി നല്കി.

ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുകയ്ക്ക് രണ്ടു തവണ തുക ചെലവഴിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുകയായ 19418/- രൂപ KMSCL ൽ നിന്നും തിരിക ഈടാക്കി സർക്കാരിലേക്ക് അടവാക്കുകയോ ടി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2022-23 | 13-7-2023 | 28-11-23 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്റ്റിന്റെ പേര് | ലഭിച്ച തുക | ചെലവ് |
|---|---|---|---|
| പള്ളംബ്ലോക്ക് പഞ്ചായത്ത് | 97/22-23, ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും (ജനറൽ) | 1500000 | 1500000 |
| പള്ളംബ്ലോക്ക് പഞ്ചായത്ത് | 72/22-23 ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും -ടി എസ് പി | 225000 | 225000 |
| പള്ളംബ്ലോക്ക് പഞ്ചായത്ത് | 100/22-23 ലൈഫ് മിഷൻ വസ്തു വാങ്ങലും ഭവന നിർമ്മാണവും - എസ് സി പി | 360000 | 360000 |
| പള്ളംബ്ലോക്ക് പഞ്ചായത്ത് | 133/22-23 ശാരീരിക മാനസിക വെല്ലുവിളി | 300000 | 300000 |

| | | | |
|---|---|---|---|
| | നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| പള്ളംബ്ലോക്ക് പഞ്ചായത്ത് | 284/22-23,തോട്ടക്കാട് കൂട്ടിക്കൽ റോഡ് തുമ്പിക്കാനിക്കൽ കവലക്ക് സമീപം സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ | 80000 | 80000 |
| പള്ളംബ്ലോക്ക് പഞ്ചായത്ത് | 215/22-23,മിനിഹൈമാസ്റ്റ് സ്ഥാപിക്കൽ | 589050 | 589050 |
| | ആകെ | **3054050** | **3054050** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 133/22-23,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 160000 | 160000 |
| | ആകെ | **160000** | **160000** |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| **നിർവ്വഹണ ഏജൻസി** | **പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.)** | **മുൻകൂർ നൽകിയ തുക** | **വിനിയോഗ വിവരം ലഭിച്ചത്** | **ചെലവഴിക്കാൻ ബാക്കിയുളള തുക** |
|---|---|---|---|---|
| കെ എസ് ഇ ബി | 01/22-23 പഞ്ചായയത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 1552500 | 188820 | 1363680 |
| കെ എസ് ഇ ബി | 284/22-23 തോട്ടക്കാട് കൂട്ടിക്കൽ റോഡ്, തുമ്പിക്കാനിക്കൽ കവലക്ക് സമീപം സ്ട്രീറ്റ് ലൈൻ മാറ്റി സ്ഥാപിക്കൽ | 84503 | 84503 | 00 |
| ഭൂജല വകുപ്പ് | 191/22-23 ടേക്ക് എ ബ്രേക്ക്- കുഴൽകിണറിന് മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ | 140000 | 00 | 140000 |
| അനർട്ട് | 215/22-23 മിനിഹൈമാസ്റ്റ് | 589050 | 00 | 589050 |
| | ആകെ | 2366053 | 273323 | 2092730 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

പഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതി നടത്തിപ്പിനായി ലഭിക്കുന്ന തുകയുടെ വിനിമയത്തിനായി കേരള ഗ്രാമീൺ ബാങ്കിൽ 40536101014046 നമ്പരായി അക്കൗണ്ട് ആരംഭിക്കുകയും സംസ്ഥാനസർക്കാർ വിഹിതവും, KURDFC ലോൺ ആയി ലഭിക്കുന്ന തുകയും ഈ അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുകയുമാണ് ചെയ്തു വന്നിരുന്നത്. ഇത്തരം സാഹചര്യത്തിൽ KURDFC ലോൺ ആയി ലഭിക്കുന്ന തുക പ്രത്യേക രജിസ്റ്റർ തയ്യാറാക്കി വിനിമയം നിരീക്ഷിക്കേണ്ടതുമായിരുന്നു. ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ലോൺ ആയി ലഭിച്ച തുക, വിവിധ വർഷങ്ങളിൽ നേരിട്ടും സോഴ്സ് ഡിഡക്ഷൻ വഴിയും തിരിച്ചടച്ച തുക, തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക തുടങ്ങിയ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. വാർഷികകണക്ക് പ്രകാരം 10038381/- രൂപ തിരിച്ചടക്കാനുള്ളതായും ഇതിൽ4762381/- രൂപ ചെലവഴിച്ചതായി ബി-16 ഷെഡ്യൂൾ പ്രകാരവും കാണുന്നു. ബാക്കി തുക 5276000/- ഇതിനായുള്ള അക്കൗണ്ടിൽ കാണേണ്ടതായിരുന്നെങ്കിലും 3792671/-രൂപ മാത്രമാണ് അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉള്ളത്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. വാർഷിക കണക്കിൽ ലോൺ സംബന്ധിച്ച് തെറ്റായ വിവരങ്ങൾ ചേർത്തിട്ടുള്ളതും ലോൺ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതും മൂലം യഥാർത്ഥത്തിൽ തിരിച്ചടക്കാനുള്ള തുക സംബന്ധിച്ച വിവരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല. ലോൺ തിരിച്ചടവ് പഞ്ചായത്തിന് ലഭിക്കാനുള്ള വികസനഫണ്ടിൽ നിന്നും നേരിട്ട് ഈടാക്കുന്നതിനാൽ പഞ്ചായത്തിന് അധികച്ചെലവ് ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടത് സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ചുമതലയാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന് 2022-23 വർഷം 12311762/- രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2022-23 വർഷത്തെ സ്ഥിരനിക്ഷേപം വാർഷിക കണക്കിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (12041136 രൂപ) സ്ഥിര നിക്ഷേപ കണക്കുകൾ കൃത്യമാക്കി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 11668774 |
| തൻവർഷം നിക്ഷേപിച്ച തുക | 00 |
| പലിശ | 642988 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 12311762 |

| ബാങ്ക് | സൗത്ത് ഇൻഡ്യൻ ബാങ്ക് K 402095 | സൗത്ത് ഇൻഡ്യൻ ബാങ്ക് K 402221 | സൗത്ത് ഇൻഡ്യൻ ബാങ്ക് K 402122 |
|---|---|---|---|
| വർഷാരംഭം | 6486896 | 2590939 | 2590939 |
| വരവ് (പലിശ) | 357450 | 142769 | 142769 |
| വർഷാവസാനം | 6844346 | 2733708 | 2733708 |
| ആകെ | 12311762/- | | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവ് ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് | | വിഷയം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | |
|---|---|---|---|---|---|
| | വർഷം | ഖണ്ഡിക | | വർഷം | ഖണ്ഡിക |
| പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | 2013-14 | | മത്സ്യമാർക്കറ്റ് പ്രവർത്തനമില്ലാതെ | 2014-15 | 4-1-9 |

| | | | | | |
|---|---|---|---|---|---|
| | | | കാടുപിടിച്ചു കിടക്കുന്നു | | |
| ,, | 2014-15 | 2-2, 2-3 | വസ്തുനികുതി പരിഷ്ക്കരണ നടപടികൾക്ക് ആധികാരിക സ്ഥിതീകരണമില്ല | 2016-17 | അനുബന്ധം 3 |
| | 2014-15 | 2-5 | തൊഴിൽ നികുതി | 2016-17 | അനുബന്ധം 4 |
| ,, | 2019-20 | 1-20 | പാലിയേറ്റീവ് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 2020-21 | |
| | 2020-21 | 1-18<br>1-14 | വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുക | 2021-22 | അനുബന്ധം 1 |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ

ചാർജ്ജ് സർചാർജ്ജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 69070773.00 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 131033012 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 47471021 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 139670245 |
| ചെലവിനങ്ങളിലുള്ള നഷ്ടം | | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 19418 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2790459 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-23<br>(3-1) | -- | 19418.00 | ഡോ. ആതിര കെ , മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ഓഫീസർ,<br>പി എച്ച് സി |
| ആകെ | -- | 19418.00 | |

(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 6875<br>33448 | ബിജോ പി ജോസഫ് ,സെക്രട്ടറി<br>അരുൺ കുമാർ എൻ, സെക്രട്ടറി |
| 1-21 | 2281550 | അരുൺ കുമാർ എൻ, സെക്രട്ടറി |
| 1-28 | 14100 | അരുൺ കുമാർ എൻ, സെക്രട്ടറി |
| 1-30 | 347845 | ഡോ. ആതിര കെ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-34 | 106641 | ഡോ.അരുൺകുമാർ മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 2790459 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ആതിര മെഡിക്കൽ ഓഫീസർ PHC | മെഡിക്കൽ ഓഫീസർ PHC,പുതുപ്പള്ളി | തൃവേണി കുമാരനെല്ലൂർ പി ഒ , കോട്ടയം |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 1999-00(ചെലവ്) | എൽ.എഫ്.കെ.പി11/699/14(അദാ)/07.01.15 | 6 |
| 2004-05 | എൽ.എഫ്.കെ.പി12/563(B)/19/7.6.19 | 3 |
| 2005-06 | എൽ.എഫ്.കെ.പി12/563(C)/19/11.6.19 | 8 |

| | | |
|---|---|---|
| 2010-11 &2011-12 | കെ.എസ്.എ-കെ.ടി.എം. പി12/ അദാ-2022/1090(4)/22/25.08.2022 | 1 |
| 2012-13 | കെ.എസ്.എ-കെ.ടി.എം. പി11/1228/15/ 27.10.15 | 7 |
| 2013-14 | കെ.ടി.എം.പി12/ അദാ-2022/1090(5)/22/ 25.08.2022 | 1 |
| 2014-15 | കെ.ടി.എം.പി12/ അദാ-2022/1090(6)/22/ 25.08.2022 | 1 |
| 2015-16 | കെ.എസ്.എ-കെ.ടി.എം. പി.12/343/23/26.04.2023 | 10 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി.12-65/20/ 10.2.20 | 21 |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി.12/2454/22-09.01.23 | 3 |
| 2018-19 | കെ.എസ്.എ-കെ.ടി.എം. പി.12/2453/22-24.04.23/22.10.2021 | 22 |
| 2019-20 | കെ.എസ്.എ-കെ.ടി.എം. പി.12-1039/2021/ 02.06.2022 | 15 |
| 2020-21 | കെ.എസ്.എ-കെ.ടി.എം. പി.12-1040/2021/ 02.06.2022 | 7 |
| 2021-22 | കെ.എസ്.എ-കെ.ടി.എം. പി.12-2284/2022/ 10.04.2023 | 30 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 13-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Puthuppally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Puthuppally Grama Panchayat for the year 2022-2023

**Date: 22/12/2023** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Puthuppally Grama Panchayat for the Year 2022-2023.

**1.Major Observations**

1.Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated.

2.Non Disclosure of Capital Contribution-Capital contribution opening balance details, fund wise capital contribution of current year are not available.

3.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023.

4.In the absence of proper loan register and accounting details, the accuracy of the loan amount (10038381/- ) included in Schedule B5 has not ascertained.

**2.Other Observations**

1.The accuracy of liability amounts included in Schedule B4 is not ascertained in the absence of Appropriation Control Register. Utilised grant amount still exist as liability in the schedule.

2.In Schedule B 11 (a) under the head 416100104 an amount of 747726/- is recorded as depreciation of waterways. But the said item is not included in the asset of panchayath.

3.Government and other dues register not maintained. Also all mandatory registers not maintained properly.

4.The accuracy of the deposit received amount as per Schedule B7 are not ascertained.

5. Central Finance Commission grant-ACR not maintained.

6.The fixed deposit as on 31-3-2023 as per FD receipt is Rs.12311762/- whereas in the annual financial statement it is recorded as Rs.12041136/-.

7.In the Schedule B11(e) under head 415100002, the value of asset is recorded as negative which is not explained.

8.In the Schedule B15 under head 431400102 an amount of Rs 1467746 is recorded as rent arrear, but it is Rs. 1539365/- in th concerned demand register.

9. Central assistance received for AYUSH scheme 4.5 lakh was accounted wrongly as health grant.

10.Amounts deposited in various agencies for public works are not reflected in RP-45 and B-18 schedules.

11.The receipt and payment of MGNREGS in the annual financial statement do not match with the cash book.

**Deputy Director**

**District Audit Office, Kottayam**

**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്